പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## പതിനാലാമത് റിപ്പോർട്ട്

(2015 ജൂലൈ 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2013 ജനുവരി മുതൽ 2014 ഡിസംബർ വരെ സമിതി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## പതിനാലാമത് റിപ്പോർട്ട്

(2015 ജൂലൈ 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2013 ജനുവരി മുതൽ 2014 ഡിസംബർ വരെ സമിതി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്]**

775/2015.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | | .. v |
| മുഖവുര | | .. vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. 1 |
| അനുബന്ധം I : | സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകളുടെ ലിസ്റ്റ് | .. 40 |
| II: | സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭ്യമാക്കാത്തതിനാൽ തീർപ്പാക്കാത്ത നിവേദനങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. 76 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. പി. മുഹമ്മദ്

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. മാത്യൂക്കുട്ടി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2015 ജൂൺ 18-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 18.

# റിപ്പോർട്ട്

## (2013 ജനുവരി 1 മുതൽ 2014 ഡിസംബർ 31 വരെ പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)

കേരള സമൂഹം അഭിമുഖീകരിക്കുന്ന അതിസങ്കീർണ്ണ പ്രശ്നങ്ങളിൽ ഒന്നായി പരിസ്ഥിതി പ്രശ്നങ്ങൾ മാറിയിരിക്കുന്നു. പ്രകൃതി കനിഞ്ഞു നൽകിയ പരിസ്ഥിതി സമ്പത്തിനെ സംരക്ഷിക്കാത്ത ഒരു ജനതയ്ക്ക് നിലനിൽപ്പില്ല എന്ന തിരിച്ചറിവ് ഉണ്ടായിരുന്നിട്ടും വിവേചനരഹിതമായ ഇടപെടലുകളും വികലമായ വികസന പ്രവർത്തനങ്ങളും നിർദ്ദാക്ഷിണ്യമായ പ്രകൃതിചൂഷണവും മലിനീകരണവും ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴിവച്ചിരിക്കുന്നു. കൂടാതെ കുളങ്ങൾ, നദികൾ, കാവുകൾ തുടങ്ങിയ സ്വാഭാവിക ആവാസ വ്യവസ്ഥകൾ നശിക്കുന്നതിനും ജീവന്റെ നിലനിൽപ്പിനാധാരമായ ജലം, വായു, മണ്ണ് എന്നിവ വിഷലിപ്തമാകുന്നതിനും ഉള്ള കാരണം മറ്റൊന്നല്ല. ആയതിനാൽ പ്രകൃതിയോടുള്ള നമ്മുടെ മനോഭാവം മാറ്റിയെടുക്കുന്നതിനും ശേഷിക്കുന്ന പച്ചപ്പും പ്രകൃതി വിഭവങ്ങളും സ്വാഭാവിക ആവാസ വ്യവസ്ഥകളും സംരക്ഷിക്കുന്നതിനും ശക്തമായ ഇടപെടലുകളും നിയന്ത്രണങ്ങളും അനിവാര്യമായിരിക്കുന്ന വർത്തമാനകാലത്ത് പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പ്രസക്തി ഏറിവരുന്നു എന്ന കാര്യം പ്രത്യേകിച്ച് എടുത്തു പറയേണ്ടതില്ല.

പരിസ്ഥിതി പ്രശ്നങ്ങളിൽ നിയമസഭയുടെ സജീവമായ ഇടപെടൽ ഉറപ്പുവരുത്തി ഭരണഘടനാപരമായ ബാദ്ധ്യത നിറവേറ്റുക എന്ന ലക്ഷ്യത്തോടെയാണ് 1992 ജൂലൈ 27-ാം തീയതി പരിസ്ഥിതി സംബന്ധിച്ച സമിതി രൂപീകൃതമായത്. സംസ്ഥാനത്തെ പരിസ്ഥിതി പ്രശ്നങ്ങൾ സസൂക്ഷ്മം വിലയിരുത്തി അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ ശിപാർശ ചെയ്യുക, വിവിധതരം മലിനീകരണംമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ, പരിസ്ഥിതി അസന്തുലിതാവസ്ഥ എന്നിവ സംബന്ധിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾ പരിഗണിക്കുക, പത്രവാർത്തകളിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും ശ്രദ്ധയിൽപ്പെടുന്നതും സമിതിയുടെ അധികാരപരിധിയിൽ പ്പെടുന്നവയുമായ വിഷയങ്ങളിൽ സ്വമേധയാ ഇടപെടുക, പരിസ്ഥിതി പ്രശ്നങ്ങളുടെ സ്വഭാവം, വ്യാപ്തി എന്നിവ പരിശോധിച്ച് ആയത് തടയുന്നതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നിവയാണ് സമിതിയുടെ പ്രധാന ചുമതലകൾ.

2013 ജനുവരി മുതൽ 2014 ഡിസംബർ വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയിൽ വന്നിട്ടുള്ള വിഷയങ്ങളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള മറുപടിയും ആയതിന്മേലുള്ള സമിതി നിർദ്ദേശങ്ങളും തീരുമാനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

പതിമൂന്നാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2011-14) 2011 ഒക്ടോബർ 20-ാം തീയതി രൂപീകൃതമാവുകയും റിപ്പോർട്ട് കാലയളവിൽ നിരവധി നിവേദനങ്ങൾ പരിഗണിക്കുകയും ഒരു സ്പെഷ്യൽ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു. 2014 മേയ് 30 പ്രാബല്യത്തിൽ സമിതി (2014-16)പുനഃസംഘടിപ്പിക്കപ്പെട്ടു. പ്രസ്തുത സമിതി, റിപ്പോർട്ട് കാലയളവിൽ ഗൗരവമായ നിരവധി പരിസ്ഥിതി പ്രശ്നങ്ങളിൽ സജീവമായി ഇടപെടുകയും സമൂഹത്തിൽ വലിയ ആശങ്ക ജനിപ്പിച്ചിരുന്ന ചില പരിസ്ഥിതി വിഷയങ്ങൾ പഠനവിധേയമാക്കുകയും 3 സ്പെഷ്യൽ റിപ്പോർട്ടും ഒരു ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2013, 2014 വർഷങ്ങളിൽ സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | റിപ്പോർട്ട് നമ്പർ | വിഷയം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| 1 | 5 | കോഴിക്കോട് ജില്ലയിലൂടെ ഒഴുകുന്ന നദികൾ നേരിടുന്ന മലിനീകരണം സംബന്ധിച്ച് | 2-4-2013 |
| 2 | 6 | പമ്പയിലേയും ശബരിമലയിലേയും പരിസ്ഥിതി പ്രശ്നങ്ങൾ | 5-2-2014 |
| 3 | 7 | സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച് | 18-6-2014 |
| 4 | 8 | സമിതി (2009-2011)യുടെ പത്താമത് റിപ്പോർട്ടിലെ (എരുമേലി, പമ്പ, ശബരിമല എന്നിവിടങ്ങളിലെ പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് | 4-12-2014 |
| 5 | 9 | വാളയാറിൽ സംയോജിത ചെക്ക് പോസ്റ്റിനു വേണ്ടി കർഷകരെ കുടിയിറക്കുന്നതിനെയും മഹാരാജ കുളവും വയലും നികത്തുന്നതിനെയും സംബന്ധിച്ച് | 15-12-2014 |

2013 ജനുവരി മുതൽ 2014 ഡിസംബർ വരെയുള്ള കാലയളവിൽ 5 തെളിവെടുപ്പ് യോഗങ്ങളും 4 സന്ദർശന യോഗങ്ങളും ഉൾപ്പെടെ 45 യോഗങ്ങൾ ചേരുകയുണ്ടായി. ഈ കാലയളവിൽ സമിതിക്ക് 93 പുതിയ നിവേദനങ്ങൾ ലഭിക്കുകയുണ്ടായി.

സമിതി മുമ്പാകെ വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്ക് അയച്ച് മറുപടി ലഭ്യമാക്കുന്നു. സർക്കാരിൽ നിന്നും ലഭിക്കുന്ന മറുപടികൾ സമിതി പരിശോധിക്കുകയും നിവേദകന്റെ പ്രതികരണം ആരായുകയും റിപ്പോർട്ടിന്മേലുള്ള സമിതി നിർദ്ദേശങ്ങളും ശിപാർശകളും ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു. സർക്കാർ മറുപടികൾ വിശകലനം ചെയ്യുമ്പോൾ ആയത് വസ്തുതാ വിരുദ്ധമെന്നോ തൃപ്തികരമല്ലെന്നോ തോന്നുന്നപക്ഷം പ്രസ്തുത മറുപടിയിന്മേൽ സമിതി അധികവിവരം ആരായുകയും പരാതി പരിഹരിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങളും ശിപാർശകളും ഭരണ വകുപ്പിന് നൽകുകയും ചെയ്തുവരുന്നു. നിവേദനങ്ങളിൻമേൽ മറുപടി യഥാസമയം ലഭ്യമാക്കുന്നതിൽ വീഴ്ചവരുത്തുന്ന സന്ദർഭങ്ങളിലും ലഭ്യമായ റിപ്പോർട്ടിന്മേൽ കൂടുതൽ വിവരങ്ങൾ ആരായേണ്ടതുണ്ട് എന്ന് സമിതിക്ക് ബോധ്യമാവുകയും ചെയ്യുന്ന സാഹചര്യങ്ങളിലും വകുപ്പധ്യക്ഷൻമാരിൽ നിന്നും സമിതി തെളിവെടുക്കുകയും ചെയ്യുന്നു.

<u>റിപ്പോർട്ട് കാലയളവിൽ സമിതി നടത്തിയ തെളിവെടുപ്പ് യോഗങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:</u>

| ക്രമ നമ്പർ | യോഗ തീയതി | വിഷയം |
|---|---|---|
| 1 | 30-7-2013 | സമിതിയുടെ പരിഗണനയിലിരിക്കുന്ന നിവേദനങ്ങളിന്മേൽ റവന്യൂ, തദ്ദേശസ്വയംഭരണം, ജലവിഭവം, പൊതുമരാമത്ത് എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും നിവേദകരിൽ നിന്നും തെളിവെടുത്തു. |
| 2 | 9-10-2013 | സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനം നിമിത്തം പരിസ്ഥിതിക്കുണ്ടാകുന്ന ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ഒരു സ്വതന്ത്ര പഠനം നടത്തുന്നതിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ പരിസ്ഥിതി, വ്യവസായം, റവന്യൂ, തദ്ദേശസ്വയംഭരണം, വനം-വന്യജീവി വകുപ്പുകളിലെയും സെസ്സിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട സമിതിയുടെ പരിഗണനയിലുള്ള നിവേദനങ്ങളിന്മേൽ തെളിവെടുപ്പ് നടത്തുകയും ചെയ്തു. |

| | | |
|---|---|---|
| 3 | 20-8-2014 | ആശുപത്രി മാലിന്യം, ഇ-മാലിന്യം, പ്ലാസ്റ്റിക് മാലിന്യം എന്നിവയുടെ സംസ്കരണം സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമം, പരിസ്ഥിതി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുത്തു. |
| 4 | 27-8-2014 | സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക ലഭ്യമാക്കുന്നതിൽ വീഴ്ചവരുത്തിയത് സംബന്ധിച്ച് പരിസ്ഥിതി, ജലവിഭവം, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുത്തു. |
| 5 | 29-10-2014 | സമിതിയുടെ പരിഗണനയിലുള്ള നിവേദനങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണം, റവന്യൂ, പരിസ്ഥിതി റവന്യൂ (ദേവസ്വം), വാണിജ്യ നികുതി എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും നിവേദകരിൽ നിന്നും തെളിവെടുത്തു. |

കൂടാതെ പൊതുപ്രാധാന്യം അർഹിക്കുന്ന നിവേദനങ്ങൾക്ക് സമിതി പ്രത്യേക പ്രാധാന്യം നൽകി പരിശോധിച്ച് ആവശ്യമെങ്കിൽ പരാതിക്കാസ്പദമായ സ്ഥലം സന്ദർശിച്ച് വകുപ്പ് മേധാവികളിൽ നിന്നും ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്യുന്നു. റിപ്പോർട്ട് കാലയളവിൽ സമിതി നടത്തിയ സന്ദർശന യോഗങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സന്ദർശന തീയതി | സന്ദർശനത്തിന്റെ വിശദാംശം |
|---|---|---|
| 1 | 5-1-2013 | കാസർഗോഡ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും കാസർഗോഡ് ജില്ലയിൽ നിന്നും സമിതിക്ക് ലഭിച്ചതും സമിതിയുടെ പരിഗണനയിലിരിക്കുന്നതുമായ നിവേദനങ്ങളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. |
| 2 | 27-9-2013 | കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും ശാസ്താംകോട്ട കായൽ, അഷ്ടമുടിക്കായൽ, പള്ളിക്കോടി, ദളവാപുരം പാലം എന്നിവിടങ്ങൾ സന്ദർശിക്കുകയും ചെയ്തു. |
| 3 | 25-11-2013 | പമ്പ, ശബരിമല എന്നിവിടങ്ങളിലെ പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും പമ്പ, ശബരിമല സന്നിധാനം എന്നിവിടങ്ങളിലെ പരിസ്ഥിതി പ്രശ്നങ്ങൾ സമിതി നേരിൽക്കണ്ട് വിലയിരുത്തുകയും ചെയ്തു. |

| | | |
|---|---|---|
| 4 | 30-5-2014 | പാലക്കാട് ജില്ലയിലെ പട്ടാമ്പി ഗ്രാമപഞ്ചായത്ത് ഹാളിൽ യോഗം ചേരുകയും പാലക്കാട് ജില്ലയിൽ നിന്നും സമിതിക്ക് ലഭിച്ചതും സമിതിയുടെ പരിഗണനയിലിരിക്കുന്നതുമായ നിവേദനങ്ങളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. തുടർന്ന് എൻ.പി.എം. അക്വാറ്റിക്ക് ഫിഷ് ലിങ്ക്സ് ലിമിറ്റഡ് എന്ന കമ്പനിയുടെ പ്രവർത്തനംമൂലമുള്ള മലിനീകരണം, ഭാരതപ്പുഴയുടെ മലിനീകരണം, അനധികൃത മണലെടുപ്പ് എന്നിവ നേരിട്ട് കണ്ട് വിലയിരുത്തുന്നതിനായി ബന്ധപ്പെട്ട പ്രദേശങ്ങൾ സന്ദർശിച്ചു. |

സമിതി മുൻപാകെ സമർപ്പിക്കപ്പെടുന്ന നിവേദനങ്ങളിന്മേൽ ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്നാണ് ബന്ധപ്പെട്ട വകുപ്പുകളോടാവശ്യപ്പെടുന്നത്. എന്നാൽ കത്തും നിരന്തരമായി ഓർമ്മക്കുറിപ്പുകളും അർദ്ധ ഔദ്യോഗിക കത്തുകളും അയച്ചിട്ടും സർക്കാർ മറുപടി ലഭ്യമാക്കാത്ത നിരവധി ഫയലുകൾ സമിതി മുൻപാകെ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തുനിന്നുണ്ടാകുന്ന ഈ അനാസ്ഥ സമിതിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുവെന്നും സമിതി നിർദ്ദേശങ്ങളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാതിരിക്കുന്നത് സമിതിയോടുള്ള അനാദരവും ഗുരുതരമായ കൃത്യവിലോപവുമാണെന്നും സമിതി വിലയിരുത്തിയിട്ടുണ്ട്. തെളിവെടുപ്പ് നടത്തുന്നതിനായി തീയതി നിശ്ചയിച്ച് വകുപ്പുകളെ അറിയിക്കുമ്പോൾ മാത്രമാണ് ബന്ധപ്പെട്ട അധികാരികൾ ഉണരുന്നതും നിവേദനത്തിന്റെ പകർപ്പുപോലും ആവശ്യപ്പെടുന്നതും. ആയത് സമിതി ഗൗരവമായി വീക്ഷിക്കുന്നുവെന്നും ഇത്തരത്തിലുള്ള വീഴ്ച സർക്കാർ തലത്തിൽ വളരെ ഗൗരവത്തോടെ കാണണമെന്നും സർക്കാർ മറുപടിക്കായി അയയ്ക്കുന്ന നിവേദനങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിച്ച് സർക്കാർ മറുപടി സമയബന്ധിതമായി നൽകുന്നതിനുള്ള നിർദ്ദേശം വകുപ്പധ്യക്ഷൻമാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി പരിസ്ഥിതിയെ നശിപ്പിക്കുന്നവർക്കെതിരെ പലതരത്തിൽ പ്രതികരിക്കുവാനും പരിസ്ഥിതിനാശമോ അതിനു കാരണമാകുന്ന പ്രവർത്തനങ്ങളോ ഉണ്ടാകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുവാനുള്ള അവകാശം വ്യക്തികൾക്കുണ്ട്. സർക്കാർ സംവിധാനങ്ങളെ സമീപിക്കുമ്പോൾ ഫലപ്രദമായ നടപടികൾ സ്വീകരിക്കാതിരിക്കുന്ന സാഹചര്യം ഉണ്ടാകുമ്പോൾ അവസാനത്തെ ആശ്രയം എന്ന നിലയിലാണ് പലപ്പോഴും സമിതിയെ

സമീപിക്കുന്നത്. പ്രശ്നത്തിന്റെ ഗൗരവവും സങ്കീർണ്ണമായ പാരിസ്ഥിതികവശങ്ങളും തിരിച്ചറിഞ്ഞ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കൊണ്ട് പരിസ്ഥിതി സംരക്ഷണം സാധ്യമാകുന്ന തരത്തിൽ ഇടപെടൽ നടത്തുവാൻ സമിതിക്ക് കഴിയുന്നുണ്ട്. എന്നിരുന്നാലും ഭരണ വകുപ്പുകളും പ്രാദേശിക ഭരണ സംവിധാനങ്ങളും നിയമാനുസൃതമായ പാരിസ്ഥിതിക ഉത്തരവാദിത്വങ്ങൾ ഉചിതമായ സന്ദർഭങ്ങളിൽ നിർവ്വഹിക്കാതിരിക്കുന്നത് പരിസ്ഥിതി പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകുന്നതിനും ആയത് സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതത്തിന്റെ തീവ്രത ഏറുന്നതിനും കാരണമാകുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അടിയന്തര ശ്രദ്ധയും പരിഹാര നടപടിയും ആവശ്യമുള്ള പരിസ്ഥിതി പ്രശ്നങ്ങളിൽ സർക്കാർ സംവിധാനങ്ങൾ നിതാന്തജാഗ്രത പുലർത്തണമെന്നും പ്രശ്നങ്ങൾ പ്രാരംഭദശയിൽത്തന്നെ പരിഹരിക്കുന്നതിനുള്ള നിയമപരമായ നടപടികൾ വിട്ടുവീഴ്ചയില്ലാതെ സ്വീകരിച്ച് ജൈവലോകത്തിന് പ്രയോജനപ്പെടുംവിധം കഴിയുന്നത്ര സ്വാഭാവിക സ്ഥിതിയിൽ പരിസ്ഥിതിയെ സംരക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

മനുഷ്യരുടെ ബോധപൂർവ്വമായ പ്രവൃത്തികൾ കൊണ്ടുണ്ടാകുന്ന നിരവധി പരിസ്ഥിതി പ്രശ്നങ്ങൾ നമുക്കുചുറ്റും കാണാവുന്നതാണ്. നമ്മുടെ സമൂഹത്തിലെ ഭൂരിഭാഗംപേരും കൂടുതൽ ശുദ്ധമായ പരിസ്ഥിതി ആഗ്രഹിക്കുന്നുവെങ്കിലും അതിനായി തങ്ങളുടെ ജീവിത രീതിയിൽ മാറ്റം വരുത്തുവാൻ തയ്യാറാകാത്തവരാണ്. ആയതിനാൽ മനുഷ്യരുടെ വിവേചനരഹിതമായ പ്രവർത്തനങ്ങൾ പരിസ്ഥിതിയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ബോധവാന്മാരാക്കണമെന്നും ഒപ്പം പരിസ്ഥിതി സൗഹൃദമായ ജീവിതശൈലി രൂപപ്പെടുത്തുവാൻ പ്രാദേശിക തലത്തിൽ ക്രിയാത്മകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സർക്കാർ സംവിധാനങ്ങളുടെ മേൽനോട്ടത്തിൽ നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സമിതിയുടെ ഇടപെടൽമൂലം റിപ്പോർട്ട് കാലയളവിൽ നിരവധി പരാതികൾക്ക് പരിഹാരം കാണുവാൻ സാധിച്ചിട്ടുണ്ട്. നിവേദനങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ വിശദമായി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകളുടെ ലിസ്റ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന നിവേദനങ്ങൾ പരിശോധിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിയമാനുസൃതനടപടികളും ക്രിയാത്മക സമീപനവും സ്വീകരിക്കുകയാണെങ്കിൽ ചുരുങ്ങിയ കാലയളവിൽത്തന്നെ പ്രശ്നപരിഹാരം സാധിക്കുന്നവയാണ് അവയിൽ കൂടുതൽ നിവേദനങ്ങളും എന്നു കാണാവുന്നതാണ്. എന്നാൽ അത്തരം നിവേദനങ്ങളിന്മേൽ നടപടി സ്വീകരിച്ച് സമയബന്ധിതമായി സമിതിക്ക് മറുപടി ലഭ്യമാക്കാത്തതുമൂലം അതിന്മേൽ യഥാസമയം തീരുമാനമെടുക്കുവാൻ

സമിതിക്കും കഴിയാതെവരുന്നു. മറ്റു ചില നിവേദനങ്ങളുടെ കാര്യത്തിൽ കാലതാമസം നിമിത്തം ഉന്നയിക്കുന്ന വിഷയത്തിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടുന്നതായി സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. പരിസ്ഥിതി സംബന്ധിച്ച സമിതി നിലവിൽവന്ന 1992-ൽ സമിതിക്ക് ലഭിച്ച ഏതാനും നിവേദനങ്ങളിൽപോലും സർക്കാരിന്റെ അന്തിമ മറുപടി നാളിതുവരെ ലഭിച്ചിട്ടില്ലായെന്നത് നിവേദനങ്ങളിന്മേലും സമിതി നിർദ്ദേശങ്ങളിന്മേലും നടപടി സ്വീകരിക്കുന്നതിലും മറുപടി ലഭ്യമാക്കുന്ന കാര്യത്തിലും വരുത്തുന്ന കുറ്റകരമായ കാലതാമസത്തിന്റെയും അനാസ്ഥയുടെയും വ്യാപ്തി വ്യക്തമാക്കുന്നു.

സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭ്യമാക്കാത്തതിനാൽ പരിഹൃതമാകാത്ത നിവേദനങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം II-ൽ നൽകിയിരിക്കുന്നു. അനുബന്ധം II-ൽ ഉൾപ്പെടുത്തിയിരിക്കുന്ന നിവേദനങ്ങൾ പരിശോധിച്ച് പ്രശ്നം പരിഹരിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സമിതിക്ക് ലഭിച്ച നിവേദനങ്ങളിന്മേൽ സമിതിയുടെ ശക്തമായ ഇടപെടൽ നിമിത്തം അനുകൂല തീരുമാനമുണ്ടായ നിരവധി നിവേദനങ്ങളുണ്ട്. അവയിൽ ചില നിവേദനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. കോട്ടയം ജില്ലയിലെ അരുമാനൂരിൽ ഇഷ്ടിക നിർമ്മാണത്തിന് മണ്ണെടുക്കുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ
   നമ്പർ 16395/പരിസ്ഥിതി1/1994/നി.സെ.

കോട്ടയം ജില്ലയിലെ അരുമാനൂർ പ്രദേശത്ത് ഇഷ്ടിക നിർമ്മാണത്തിനായി മണ്ണെടുക്കുന്നത് വളരെ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്നും കൃഷിക്കനുയോജ്യമായ വളക്കൂറുള്ള മണ്ണ് മുഴുവൻ ഇത്തരത്തിൽ എടുത്തുകൊണ്ടുപോകുകയാണെന്നും ആയതിനാൽ സമിതി അടിയന്തരമായി ഇടപെടണമെന്നുമാണ് പരാതിയിലെ ആവശ്യം. പരാതി വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണം, ആരോഗ്യ-കുടുംബക്ഷേമം, വ്യവസായം എന്നീ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി.

തുടർന്ന് വ്യവസായം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ സമിതി പരിശോധിക്കുകയും അധികവിവരം ആരായുകയും ചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങൾ 19-5-2004-ൽ ചേർന്ന സമിതിയോഗം പരിഗണിച്ചതിനുശേഷം, റിപ്പോർട്ട് വിവരം പരാതിക്കാരെ അറിയിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. അനധികൃത ഇഷ്ടികകളങ്ങൾ നിർത്തലാക്കുന്നതിനുള്ള നടപടികൾ എത്രമാത്രം പുരോഗമിച്ചു എന്നുള്ള

അധികവിവരത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ 2009-10 സാമ്പത്തിക വർഷം അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ നിന്നും ഇഷ്ടിക നിർമ്മാണത്തിന് ലൈസൻസ് നൽകിയിട്ടില്ല എന്നും 2010-11 സാമ്പത്തിക വർഷം ഇഷ്ടിക നിർമ്മാണത്തിന് കോട്ടയം ജില്ലാ കളക്ടറുടെയും മൈനിംഗ് & ജിയോളജി വകുപ്പിന്റെയും നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിൽ രണ്ടുപേർക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിരുന്നു എന്നും പ്രസ്തുത രണ്ട് ലൈസൻസ് കൂടാതെ മറ്റ് ലൈസൻസ് ഒന്നും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ല എന്നും നിലവിൽ അനധികൃത ഇഷ്ടിക നിർമ്മാണം നടക്കുന്നില്ല എന്ന വിവരവും അറിയിക്കുകയുണ്ടായി.

2. മെറ്റൽ ക്രഷർമൂലമുള്ള ശബ്ദ-വായു മലിനീകരണം സംബന്ധിച്ച് ശ്രീ. കെ. എം. കുര്യൻ, കോട്ടയം സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 6560/പരി2/96/നി.സെ.)

കോട്ടയം വാർഡിൽ മീനച്ചിൽ താലൂക്കിൽ തലപ്പാലം പഞ്ചായത്തിലെ ഏഴാം വാർഡിൽ ശ്രീ. ജോഷി റ്റി. ജോസഫ് നടത്തുന്ന അനധികൃത മെറ്റൽ ക്രഷറും ക്വാറിയുംമൂലം പരിസരവാസികൾക്ക് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്നും എപ്പോഴും ജനസഞ്ചാരവും വാഹന ഗതാഗതവുമുള്ള റോഡിന്റെ വളരെ അടുത്തു പ്രവർത്തിക്കുന്ന പ്രസ്തുത ക്രഷറിൽ നിന്നുള്ള ശബ്ദംമൂലം പലപ്പോഴും ഇവിടെ വാഹന അപകടങ്ങൾ ഉണ്ടാകാറുണ്ടെന്നും ശബ്ദമലിനീകരണം കുട്ടികളുടെ പഠനത്തെ ബാധിക്കുന്നുവെന്നും ക്വാറിയിൽ ജാക്ക് ഹാമർ ഉപയോഗിച്ച് 6-7 അടി താഴ്ചയിൽ തമർ തീർത്ത് തോട്ട ഉപയോഗിച്ച് 40-50-ഓളം സ്ഫോടനങ്ങൾ ഒരേസമയം നടക്കുന്നതുമൂലം പരാതിക്കാർ ഉൾപ്പെടെയുള്ളവരുടെ വീടുകൾക്ക് വിള്ളലുണ്ടായതായും 8-2-1996-ൽ 40 പേർ ഒപ്പിട്ട സമിതിക്ക് സമർപ്പിച്ച നിവേദനത്തിൽ പരാതിപ്പെട്ടിരുന്നു. പ്രസ്തുത നിവേദനത്തിന്മേൽ പരിസ്ഥിതി വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ക്വാറിയും ക്രഷറും പ്രവർത്തനാനുമതിയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത ക്വാറിയുടെ ക്വാറിമുഖം നിവേദകന്റെ വീട്ടിൽ നിന്നും വ്യത്യസ്ത ദിശയിലാണ് സ്ഥിതി ചെയ്യുന്നതെന്നും ആയതിനാൽ കല്ല് തെറിച്ച് നിവേദകന്റെ സ്ഥലത്ത് വീഴാൻ സാധ്യത കുറവാണെന്നും അറിയിച്ചിരുന്നു. പരിസ്ഥിതി വകുപ്പിന്റെ റിപ്പോർട്ടിലെ വിവരം നിവേദകനെ അറിയിച്ചതിനെത്തുടർന്ന് റിപ്പോർട്ടിൽ പറയുന്ന പ്രകാരം പരാതിക്ക് യാതൊരുവിധ പരിഹാരവും ആയിട്ടില്ലെന്നും സമിതി ഇടപെട്ട് അടിയന്തര പരിഹാരം കാണണമെന്നുമാവശ്യപ്പെട്ട് വീണ്ടും പരാതി സമർപ്പിക്കുകയും ചെയ്തു. തുടർന്ന് സമിതി 14-12-2011-ന് പ്രസ്തുത വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുപ്പ് നടത്തുകയും പരാതി പൂർണ്ണമായും പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതേ തുടർന്ന് പരിസ്ഥിതി

വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാതി നിലനിൽക്കുന്നതിനാൽ പ്രസ്തുത ക്വാറി ഇനി പ്രവർത്തിപ്പിക്കുന്നില്ലായെന്ന് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡുദ്യോഗസ്ഥരെ അറിയിച്ചുവെന്നും ആയതിനാൽ പ്രസ്തുത ക്വാറിക്ക് ബോർഡിൽ നിന്നും നൽകിയിട്ടുള്ള പ്രവർത്തനാനുമതി പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത ക്വാറിയുടെ പ്രവർത്തനം നിർത്തിയതോടുകൂടി പരാതിക്കാരന്റെ പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി.

സമിതിയുടെ നിരന്തരമായ ഇടപെടൽകൊണ്ടാണ് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടായത്.

3. പരിസ്ഥിതി സംബന്ധിച്ച സമിതി (2001-2003)—കിളിമാനൂർ സുചിത്ര ആശുപത്രിയിൽ നിന്നുമുള്ള മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ

(ഫയൽ നമ്പർ 6130/പരി3/99/നി.സെ.)

കിളിമാനൂർ സുചിത്ര ആശുപത്രിയിൽ നിന്നുള്ള മാലിന്യങ്ങൾമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച നിവേദനം റിപ്പോർട്ടിനായി ആരോഗ്യ കുടുംബക്ഷേമം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലേക്ക് അയച്ചതിൻപ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 21-7-2000-ലെ 16412/ജി1/2000/ആ.കു.വ. നമ്പർ കത്തിലൂടെ ലഭ്യമാക്കിയ റിപ്പോർട്ടിൽ നിവേദനത്തിലെ പരാതിയെക്കുറിച്ച് പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥരും തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറും അന്വേഷണം നടത്തുകയുണ്ടായി എന്നും സുചിത്ര ആശുപത്രിയിലെ കക്കൂസുകളിൽ നിന്നുള്ള മാലിന്യങ്ങൾ കെട്ടിടത്തിനുള്ളിൽ സ്ഥാപിച്ചിട്ടുള്ള സെപ്റ്റിക് ടാങ്കിൽ നിർമ്മാർജ്ജനം ചെയ്യുന്നുവെന്നും എന്നാൽ ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം എന്നിവ വൃത്തിയാക്കുമ്പോഴുള്ള മലിനജലവും പാഴ്ജലവും റോഡരികിലുള്ള പഞ്ചായത്തുവക ഓടയിലേക്കാണ് ഒഴുകിയെത്തുന്നതെന്നും പരാതിയുടെ അടിസ്ഥാനത്തിൽ ആശുപത്രി ഉടമ ആശുപത്രിക്ക് തെക്കുഭാഗത്തുള്ള അവരുടെ സ്വന്തം വസ്തുവിൽ ഒരു ടാങ്ക് നിർമ്മിച്ച് അതിലേക്കാണ് ഇപ്പോൾ മലിനജലം ഒഴുക്കിവിടുന്നത് എന്നും കൂടാതെ ആശുപത്രിയിൽ നിന്നുള്ള പാഴ്വസ്തുക്കൾ ആശുപത്രിവക വസ്തുവിൽത്തന്നെ ഇട്ട് കത്തിച്ചുവരുന്നതായും അറിയിക്കുകയുണ്ടായി. കൂടാതെ ഖരമാലിന്യങ്ങൾ ശാസ്ത്രീയമായ മാനദണ്ഡങ്ങൾ ക്കനുസൃതമായി നിർമ്മാർജ്ജനം ചെയ്യാൻ നടപടിയെടുക്കേണ്ടതാണെന്ന് ആശുപത്രി അധികൃതർക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇതിനായി ഒരു ഇൻസിനറേറ്റർ സ്ഥാപിക്കുവാൻ ആശുപത്രി ഉടമ തീരുമാനിച്ചതായി ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (പി.എച്ച്.) റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ സുചിത്ര ആശുപത്രിയിൽ നിന്നും മാലിന്യങ്ങൾ പുറന്തള്ളുന്നതുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിച്ചതായും അറിയിക്കുകയുണ്ടായി.

എന്നാൽ പ്രസ്തുത വിഷയത്തിന്മേൽ തദ്ദേശസ്വയംഭരണ (സി) വകുപ്പിന്റെ 20-11-2002-ലെ 15238/സി3/99/ത.സ്വ.ഭ.വ. നമ്പർ കത്തിലെ റിപ്പോർട്ട് പ്രകാരം പഴയ കുന്നമ്മേൽ ഗ്രാമപഞ്ചായത്തിലെ മാർക്കറ്റ് റോഡിൽ സ്ഥിതിചെയ്യുന്ന സുചിത്ര ആശുപത്രിയിൽ നിന്നുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ആശുപത്രി അധികൃതർക്ക് നൽകിയ നിർദ്ദേശത്തെത്തുടർന്ന് ആശുപത്രിയിൽ നിന്നും തുറന്ന ഓടയിലേക്ക് മലിനജലം ഒഴുക്കുന്നത് പൂർണ്ണമായും നിറുത്തുകയും ആശുപത്രി കോമ്പൗണ്ടിനകത്തുതന്നെ നിർമ്മിച്ചിട്ടുള്ള ലീക്ക് ചെയ്യുന്നതിന് സാദ്ധ്യതയില്ലാത്ത, മൂടിയ കോൺക്രീറ്റ് കുഴിയിൽ മാലിന്യങ്ങൾ സംഭരിക്കുന്നതായും ജനറേറ്ററിന്റെ ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിന് സൈലൻസർ ഘടിപ്പിച്ച കുഴലിന്റെ നീളം കൂട്ടിയതായും ഖരമാലിന്യങ്ങൾ ദൂരെയുള്ള സ്വകാര്യസ്ഥലത്തു നശിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയതായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കുകയുണ്ടായി.

നിവേദനത്തിന്മേൽ ലഭിച്ച സർക്കാർ റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും റിപ്പോർട്ട് വിവരം പരാതിക്കാരെ അറിയിക്കുകയും ചെയ്തു. ആയതിന് മറുപടിയായി പരാതി ഇനിയും പരിഹരിച്ചിട്ടില്ല എന്ന് അറിയിച്ചുകൊണ്ട് വീണ്ടും സമിതിക്കു നൽകിയ പരാതി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് റിപ്പോർട്ടിനായി അയയ്ക്കുകയും ചെയ്തു. ആയതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 22510/സി3/04/തസ്വഭവ. നമ്പരായി ലഭിച്ച 10-2-2005-ലെ റിപ്പോർട്ട് സമിതി പരിഗണിക്കുകയും പ്രസ്തുത വിഷയത്തിന്മേൽ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിൽ നിന്നും റിപ്പോർട്ടാവശ്യപ്പെടുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

പരിസ്ഥിതി വകുപ്പിൽ നിന്നും 19-6-2008-ലെ 1115/എ3/07/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാതിയിൽ പരാമർശിച്ചിരിക്കുന്ന സുചിത്ര ആശുപത്രി 1-4-2008-ന് കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡുദ്യോഗസ്ഥർ പരിശോധിച്ചു എന്നും ഈ ആശുപത്രിയിലെ ദ്രവമാലിന്യങ്ങൾ ഇപ്പോൾ അണുനശീകരണത്തിനുശേഷം പൈപ്പുവഴി റോഡിനക്കരെയുള്ള സ്വന്തം സ്ഥലത്തേക്കാണ് ഒഴുക്കുന്നത് എന്നും റോഡരികിലുള്ള ഓടയിലേക്ക് ഇപ്പോൾ ഒഴുക്കുന്നില്ല എന്നും പരിശോധനാസമയത്ത് ദ്രവരൂപത്തിലുള്ള ബയോമെഡിക്കൽ മാലിന്യം അണുനശീകരണം നടത്തുന്നതിൽ അപാകത കാണുകയും ഇത് ശരിയായ രീതിയിൽ ചെയ്യാൻ നിർദ്ദേശം നൽകുകയും ചെയ്തു എന്നും പരാമർശിച്ചിരുന്നു. കൂടാതെ ചപ്പുചവറുകൾ പരിസരത്ത് കൂട്ടിയിട്ട് കത്തിക്കുന്നതായി കണ്ടു എന്നും ചപ്പുചവറുകൾ സംസ്കരിക്കാൻ അനുയോജ്യമായ സംവിധാനം ഏർപ്പെടുത്താൻ നിർദ്ദേശം നൽകി എന്നും അവിടെയുള്ള ജനറേറ്ററിന് ശബ്ദവികിരണ പ്രതിരോധം (അകൗസ്റ്റിക് എൻക്ലോഷർ)

ഏർപ്പെടുത്താനും ആശുപത്രി അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും ആയതിലെ പുരോഗതി മലിനീകരണനിയന്ത്രണ ബോർഡ് നിരീക്ഷിച്ചുവരുന്നു എന്നും അറിയിക്കുകയുണ്ടായി.

ഇതിനിടെ പരാതിക്കാരനായ ശ്രീ. റ്റി. എസ്. ബാബു 2005-ൽ മരിച്ചുപോയതായി മനസ്സിലാക്കിയെങ്കിലും മേൽവിഷയം സംബന്ധിച്ച് നിലവിലുള്ള സ്ഥിതിയെന്താണെന്ന് പരിസ്ഥിതി വകുപ്പിനോട് ആരാഞ്ഞതിനെത്തുടർന്ന് പ്രസ്തുത വകുപ്പ് 14-3-2014-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെചേർക്കും പ്രകാരമായിരുന്നു:

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിലെ കിളിമാനൂരിൽ പ്രവർത്തിച്ചു വരുന്ന സുചിത്ര ആശുപത്രിയിൽ 31-12-2013-ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ പരിശോധന നടത്തി. ആശുപത്രിയിൽ നിന്നുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ പാലക്കാടുള്ള പൊതുസംവിധാനമായ ഇമേജ് (IMAGE) വഴി നിർമ്മാർജ്ജനം ചെയ്യുന്നു. ആശുപത്രിയിൽ നിന്നുള്ള സ്വീവേജ് സെപ്റ്റിക് ടാങ്ക്-സോക്പിറ്റ് സംവിധാനംവഴി നിർമ്മാർജ്ജനം ചെയ്യുന്നു. ആശുപത്രിയിൽ നിന്നുള്ള ദ്രവമാലിന്യം അണുനശീകരണം ചെയ്തശേഷം ആശുപത്രി ഉടമയുടെ പുരയിടത്തിൽ സ്ഥാപിച്ചിരിക്കുന്ന ടാങ്കിൽ നിക്ഷേപിച്ച് ഓവർഫ്ലോ സമീപമുള്ള മൺകുഴിയിലേക്ക് നിർമ്മാർജ്ജനം ചെയ്യുന്നു. ആശുപത്രിയിൽ നിന്നുള്ള മറ്റ് ഖരമാലിന്യം സോളിഡ് വേസ്റ്റ് ബർണറിൽ കത്തിക്കുന്നു. ടി ബർണറിനു വേണ്ടതായ ചിമ്മിനിയും ഏർപ്പെടുത്തിയിട്ടുണ്ട്. ജനറേറ്റർ പ്രവർത്തിപ്പിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദ, വായു മലിനീകരണം ലഘൂകരിക്കാനായി ജനറേറ്റർ അടച്ചുകെട്ടിയ മുറിയിൽ സ്ഥാപിക്കുകയും അതിൽ നിന്നുണ്ടാകുന്ന പുക ചിമ്മിനി മുഖാന്തിരം ആശുപത്രി കെട്ടിടത്തിന്റെ മുകളറ്റം വരെ എത്തിച്ച് പുറത്തേക്ക് വിടുകയും ചെയ്യുന്നു. നിലവിൽ ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികളുടെ എണ്ണം കുറവാണെന്നും തന്മൂലം മാലിന്യത്തിന്റെ അളവും കുറഞ്ഞിട്ടുണ്ടെന്നും മലിനീകരണനിയന്ത്രണ ബോർഡിന്റെ അന്വേഷണത്തിൽ ബോധ്യമായി. ടി ആശുപത്രിയുടെ പ്രവർത്തനം സംബന്ധിച്ച് നിലവിൽ മലിനീകരണ പ്രശ്നങ്ങളോ പരാതികളോ ഇല്ലാ എന്നും 20 കിടക്കകൾ ഉള്ള ടി ആശുപത്രിക്ക് 30-6-2015 വരെ സാധുതയുള്ള പ്രവർത്തനാനുമതി നൽകിയിട്ടുണ്ട് എന്നും മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൊതുജനാരോഗ്യത്തിന് ഭീഷണിയാകുന്ന ആശുപത്രി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ വിട്ടുവീഴ്ച കൂടാതെ സ്വീകരിക്കണമെന്നും പ്രവർത്തനാനുമതി നൽകിയിട്ടുള്ള ആശുപത്രികളിൽ മലിനീകരണനിയന്ത്രണ നടപടികൾ നിയമാനുസൃതമായി നടക്കുന്നുണ്ടെന്ന്

ഉറപ്പുവരുത്താനും സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന് 9-1-2012-ലെ സ.ഉ. (സാധാ.) 06/12/പരി. പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രി മാലിന്യ സംസ്കരണം സംബന്ധിച്ച പൊതു മാർഗ്ഗനിർദ്ദേശങ്ങൾ

13-3-2012-ലെ സ.ഉ.(എംഎസ്.) 04/12/Envt. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആശുപത്രി മാലിന്യ സംസ്കരണത്തിനായി സംസ്ഥാനത്ത് കൂടുതൽ Common Biomedical Treatment and Disposal Facilities സ്ഥാപിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ആശുപത്രി മാലിന്യം സംസ്കരണ പരിപാടികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും യോജിച്ചുള്ള പ്രവർത്തനത്തിലൂടെ കൂടുതൽ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ഒരു പൊതുവികാരം ഉയർത്തിക്കൊണ്ടുവരാൻ സമിതിയുടെ ഇടപെടൽ സഹായകരമായതായി സമിതി വിലയിരുത്തുന്നു.

4. പൂജപ്പുര ചെങ്കള്ളൂരിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ ഡ്രെയിനേജ് പമ്പിംഗ് സ്റ്റേഷൻമൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം സംബന്ധിച്ച് പൂജപ്പുര, ചെങ്കള്ളൂർ മൈത്രി നഗർ റസിഡന്റ്സ് അസോസിയേഷൻ സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 9790/പരിസ്ഥിതി 3/02/നി.സെ.)

താങ്ങാവുന്നതിലധികം ഗാർഹിക, ഡ്രെയിനേജ് കണക്ഷനുകൾ നൽകിയിരിക്കുന്നതിനാൽ വട്ടവിള, മുടവൻമുഗൾ എന്നിവിടങ്ങളിൽനിന്ന് ചെങ്കള്ളൂരിൽ സ്ഥാപിച്ചിരിക്കുന്ന ഡ്രെയിനേജ് പമ്പിംഗ് സ്റ്റേഷനിലേക്ക് മലിനജലം കൊണ്ടുവരുന്ന പൈപ്പുകൾ, മാൻഹോളുകൾ എന്നിവ പൊട്ടിച്ച് ചെങ്കള്ളൂർ പാടശേഖരത്തിലേക്ക് നേരിട്ട് തുറന്നുവിട്ടിരിക്കുകയാണെന്നും തൻമൂലം നെൽപ്പാടങ്ങൾ പൂർണ്ണമായി സ്വീവേജ് മാലിന്യത്തിൽ മുങ്ങുന്നുവെന്നും മഴക്കാലത്ത് മാലിന്യങ്ങൾ കരമനയാറിൽ ചേരുകയാണ് പതിവെന്നും എന്നാൽ വൻതോതിൽ പാടങ്ങൾ നികത്തിയതിനാൽ മാലിന്യങ്ങളുടെ ഒഴുക്ക് തടസ്സപ്പെട്ട് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മൈത്രി നഗർ മേഖലയിൽ നിറഞ്ഞ് അസഹ്യമായ ദുർഗന്ധവും കൊതുകുശല്യവും ഉണ്ടാവുകയും പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നതിന് കാരണമാവുകയും ചെയ്യുന്നുവെന്നും ജനവാസമേഖലകളിലെ സ്വീവേജ് പമ്പിംഗ് സ്റ്റേഷനുകളിൽനിന്ന് മലിനജലം തുറന്നുവിടുന്നത് തടയാൻ നടപടി സ്വീകരിക്കണമെന്നും ധനകാര്യ ഏജൻസികളുടെ സഹായത്തോടെ ഒരു കേന്ദ്രീകൃത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകണമെന്നും കിള്ളിയാർ, പാർവ്വതീപുത്തനാർ, കരമനയാർ, വെള്ളായണിക്കായൽ

എന്നീ ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ 'പമ്പാ ആക്ഷൻ പ്ലാൻ' പോലെയുള്ള ഒരു സമഗ്ര പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പാക്കാൻ മലിനീകരണ നിയന്ത്രണ ബോർഡിനും ശാസ്ത്രസാങ്കേതിക വകുപ്പിനും നിർദ്ദേശം നൽകണമെന്നും പ്രസ്തുത നിവേദനത്തിൽ അപേക്ഷിച്ചിരുന്നു.

നിവേദനം തദ്ദേശസ്വയംഭരണം, ആരോഗ്യ കുടുംബക്ഷേമം, ജലവിഭവം എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്തിരുന്നു. ഈ വിഷയം ജലവിഭവ വകുപ്പാണ് കൈകാര്യം ചെയ്യുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിരുന്നു. ജലവിഭവ വകുപ്പിൽ നിന്നും 15-11-2003-ലെ 17256/സി1/02/ജലവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടിയിൽ കേരള വാട്ടർ അതോറിറ്റിയുടെ മുടവൻമുഗൾ സ്വീവേജ് പമ്പ് ഹൗസിന്റെ നിർമ്മാണത്തിൽ യാതൊരുവിധത്തിലുള്ള ഓവർഫ്ലോ സംവിധാനങ്ങളും ഇല്ലാതെയാണ് നിർമ്മിച്ചിട്ടുള്ളതെന്നും കൂടാതെ പമ്പ് ഹൗസിന് അടുത്തുള്ള മാൻഹോളുകൾക്ക് താരതമ്യേന താഴ്ച കുറവാണെന്നും ഭൂമിയുടെ കിടപ്പനുസരിച്ച് വട്ടവിള, കുന്നുബംഗ്ലാവ്, ഡീസന്റ്മുക്ക്, ചെങ്കള്ളൂർ, തിരുമല, പൂജപ്പുര തുടങ്ങിയ സ്ഥലങ്ങൾ പമ്പ് ഹൗസിന്റെ തറനിരപ്പിൽ നിന്നും ഉദ്ദേശം 30 മീറ്ററോളം ഉയരത്തിലുമാണ് സ്ഥിതി ചെയ്യുന്നതെന്നും ടി ഉയരം കൂടിയ ഭാഗങ്ങളിലുള്ള പല വീടുകളിലെയും ഡ്രെയിനേജിലേക്ക് മഴവെള്ളവും കൂടി കടത്തിവിട്ടിരിക്കുകയാണെന്നും ഇതിനാൽ വളരെയധികം മണ്ണും ചരലും കൂടി ഡ്രെയിനേജ് ലൈനിലേക്ക് ഒഴുകിവരുന്നുണ്ടെന്നും ഈ മണ്ണ് കുത്തനെ ഒഴുകിവരുന്ന ലൈനുകളിൽ അടിയാതെ സമതല പ്രദേശത്ത് കിടക്കുന്ന മെയിൻ ലൈനിലും മാൻഹോളുകളിലും മറ്റും വളരെ പെട്ടെന്ന് അടിയുകയും തൽഫലമായി താഴ്ച കുറഞ്ഞ മാൻഹോളുകളിലൂടെ ഓവർഫ്ലോ ഉണ്ടാവുകയും ചെയ്യുന്നെന്നും പരാമർശിച്ചിരുന്നു.

കൂടാതെ പരാതികൾ ലഭിക്കുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ട ഓഫീസിൽ നിന്നും ജോലിക്കാരെ അയച്ച് അവ പരിഹരിച്ചു വരുന്നെന്നും ഇങ്ങനെ ലൈൻ ബ്ലോക്ക് ആകുമ്പോൾ മാൻഹോളുകളിൽ നിന്നും മണ്ണ് മാറ്റുന്നുണ്ടെന്നും ബക്കറ്റ് ക്ലീനിംഗ് മെഷീനും മറ്റും ഉപയോഗിച്ച് പൈപ്പ് ക്ലീൻ ചെയ്യാറുണ്ടെന്നും അങ്ങനെ ഓവർഫ്ലോ ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും മഴക്കാലങ്ങളിൽ ഓവർഫ്ലോ ഉണ്ടാകുന്നുണ്ടെന്നും താഴ്ച കുറഞ്ഞ ഭാഗത്തുള്ള മാൻഹോളുകളുടെ വലിപ്പം താരതമ്യേന ചെറുതും മെയിൻ ലൈനിന്റെ വ്യാസം 200 മില്ലിമീറ്ററും മാത്രമെയുള്ളുവെന്നും കൂടാതെ മെയിൻ ലൈനിന്റെ ചരിവും തീരെ കുറവാണെന്നും മെയിൻ ലൈനിൽ മണ്ണടിയാതിരിക്കുന്നതിന് കുത്തനെ ഒഴുകിവരുന്ന ലൈനുകളിൽ ഓരോ സിൽറ്റ് മാൻഹോളുകൾ പണിയുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും കൂടാതെ രണ്ട് ആർ.സി.സി. മാൻഹോളുകൾ ഈ സ്ഥലത്ത് 6-2003-ൽ നിർമ്മിച്ചിട്ടുണ്ടെന്നും പറഞ്ഞിരുന്നു.

തുടർന്ന് 3-6 മാസത്തിൽ ഒരിക്കൽ ബക്കറ്റ് ക്ലീനിംഗ് മെഷീൻ ഉപയോഗിച്ച് ലൈനിലെ മണ്ണുമാറ്റുകയും നിലവിലുള്ള മാൻഹോളുകൾ കോൺക്രീറ്റ് മാൻഹോളുകളാക്കി പുതുക്കിപ്പണിയുകയും നിലവിലുള്ള മെയിൻ സ്വീവർ ലൈനിന്റെ ശേഷി വർദ്ധിപ്പിക്കുകയും ഉയരം കൂടിയ പ്രദേശങ്ങളിൽ നിന്നും വരുന്ന ലൈനിൽ സിൽറ്റ് മാൻഹോളുകൾ പണിയുകയും നിലവിലുള്ള 150 മി.മീ. വ്യാസമുള്ള പമ്പിംഗ് മെയിൻ മാറ്റി പകരം 250 മി. മീ. വ്യാസമുള്ള കാസ്റ്റ് അയൺ പൈപ്പ് പമ്പ് ഹൗസ് മുതൽ ജഗതി വരെ മാറ്റി ഇടുകയും നിലവിലുള്ള പമ്പുകൾ മാറ്റി ശേഷി കൂടിയ പമ്പുകൾ സ്ഥാപിക്കുകയും സപ്ലൈ ഇല്ലാത്ത സമയത്ത് പമ്പിംഗ് നടത്തുന്നതിലേക്ക് ഒരു ജനറേറ്റർ സ്ഥാപിക്കുകയും സക്ഷൻ വെല്ലിന്റെയും ഗ്രിറ്റ് ചേംപറിന്റെയും അറ്റകുറ്റപ്പണികൾ ചെയ്യും ഈ ഭാഗങ്ങളിലുള്ള ഓവർഫ്ലോ ഒരു പരിധിവരെ നിയന്ത്രിക്കാമെന്നും ബോധിപ്പിച്ചിരുന്നു.

മേൽപ്പറഞ്ഞ ജോലികൾ നടപ്പിലാക്കുന്നതിന് ഭീമമായ സാമ്പത്തിക സഹായം ആവശ്യമാണെന്നും കൂടുതൽ പ്രദേശങ്ങളിൽ ഡ്രെയിനേജിന്റെ സൗകര്യം വ്യാപിപ്പിക്കുവാൻ മേൽപ്പറഞ്ഞ പണികൾ പര്യാപ്തമല്ലെന്നും ആയതിലേക്ക് പമ്പ് ഹൗസിന്റെ സ്ഥാനം മാറ്റി കുറച്ചുകൂടി താഴ്ന്ന പ്രദേശത്തേക്ക് മാറ്റിസ്ഥാപിച്ചാൽ കൂടുതൽ വീടുകൾക്ക് പ്രയോജനം ലഭിക്കുമെന്നും ആയതിനുവേണ്ടി സമഗ്രമായ ഒരു സർവ്വേതന്നെ നടത്തേണ്ടതാണെന്നും പറഞ്ഞിരുന്നു.

തുടർന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ തിരുവനന്തപുരം നഗരത്തിലുണ്ടാകുന്ന സ്വീവേജ് ശേഖരിച്ച് ശുദ്ധീകരിച്ചതിനുശേഷം നിർമ്മാർജ്ജനം ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി ചുമതലപ്പെട്ടിരിക്കുന്നുവെന്നും തിരുവനന്തപുരം വാട്ടർ അതോറിറ്റിയുടെ ഡ്രെയിനേജ് പൈപ്പിലൂടെ ശേഖരിച്ച് പമ്പിംഗ് സ്റ്റേഷനുകൾവഴി മുട്ടത്തറയിലുള്ള സ്വീവേജ് ഫാമിലെത്തിക്കുന്നുവെന്നും അവിടെ അത് ശുദ്ധീകരണമൊന്നും കൂടാതെ ഡെയറി ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് പുൽക്കൃഷിക്കായി നേരിട്ട് ഉപയോഗപ്പെടുത്തുന്നുവെന്നും ശേഖരിക്കുന്ന സ്വീവേജ് പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനുവേണ്ട സംവിധാനങ്ങൾ സ്വീവേജ് ഫാമിൽ നിലവിലില്ലെന്നും നാൽപ്പതുകളിൽ സ്ഥാപിതമായ സ്വീവേജ് ഫാമിൽ ശുദ്ധീകരണ സംവിധാനമില്ലാത്തതിനാലും ശേഖരിക്കപ്പെടുന്ന സ്വീവേജ് മുഴുവനും കൈകാര്യം ചെയ്യാൻ ശേഷിയില്ലാത്തതിനാലും മാലിന്യത്തിന്റെ ഗണ്യമായ ഭാഗം അടുത്തുള്ള പാർവ്വതീപുത്തനാറിലെത്തുന്നുവെന്നും കൂടാതെ പമ്പിംഗ് സ്റ്റേഷനുകളുടെ അപര്യാപ്തതമൂലം സ്വീവേജ് നേരിട്ട് സമീപത്തുള്ള തോടിലേക്കോ നദിയിലേക്കോ ഒഴുകിയെത്തുന്നുവെന്നും പരാമർശിച്ചിരുന്നു.

കൂടാതെ സ്വീവേജ് ശേഖരണ സംസ്കരണ നിർമ്മാർജ്ജനത്തിനായി സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ട ചുമതല കേരള വാട്ടർ അതോറിറ്റിക്കായതിനാൽ

പ്രസ്തുത പ്രശ്നം പൂർണ്ണമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം മലിനീകരണനിയന്ത്രണ ബോർഡ് കേരള വാട്ടർ അതോറിറ്റിക്ക് നൽകുകയുണ്ടായെന്നും 12-6-1995-ന് വാട്ടർ അതോറിറ്റി പമ്പിംഗ് സ്റ്റേഷനുകളിൽ നിന്നുള്ള ഓവർഫ്ലോ തടയുന്നതിന് 33 കോടി രൂപ ചെലവുമതിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായെന്നും എന്നാൽ സ്വീവേജ് ശുദ്ധീകരിക്കുന്നതിന് ആധുനിക രീതിയിലുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കണമെന്നുള്ള ബോർഡിന്റെ ദീർഘനാളായുള്ള നിർദ്ദേശം പരിഗണിക്കപ്പെട്ടില്ലെന്നും വാട്ടർ അതോറിറ്റി സമർപ്പിച്ച പദ്ധതി മലിനീകരണ പ്രശ്നപരിഹാരത്തിനു പര്യാപ്തമല്ലെന്നു കണ്ടതിനാൽ 12-7-1995-ൽ ബോർഡ് വക്കീൽ നോട്ടീസ് അയപ്പിച്ചുവെന്നും ഇതിനിടയിൽ ബോർഡിനെ അഞ്ചാമത് എതിർകക്ഷിയാക്കി ഹൈക്കോടതിയിൽ ഒരു പൊതുതാല്പര്യഹർജി ഫയൽ ചെയ്യപ്പെടുകയുണ്ടായെന്നും ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ഇതേക്കുറിച്ചുള്ള റിപ്പോർട്ട് ബോർഡ് ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും പക്ഷേ പ്രസ്തുത ഹർജിയിൽമേൽ തീർപ്പ് കല്പിക്കാത്തതിനാൽ കേരള വാട്ടർ അതോറിറ്റിക്കെതിരെ ജലനിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാൻ മലിനീകരണനിയന്ത്രണ ബോർഡിന് സാധിക്കുന്നില്ലെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ടുകൾ 15-6-2004-ലെ യോഗത്തിൽ പരിഗണിച്ച സമിതിവിഷയം സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിന്റെ സ്ഥിതി എന്താണെന്നും പുതിയ സ്വീവേജ് പ്ലാന്റിന്റെ നിർമ്മാണം സംബന്ധിച്ച് നടപടികൾ എത്രത്തോളമായി എന്നും ആരാഞ്ഞിരുന്നു.

സമിതി ആരാഞ്ഞ അധികവിവരങ്ങൾക്ക് പരിസ്ഥിതി വകുപ്പ് 31-10-2008-ലെ 421/എ 3/207/പരി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ മൈത്രി നഗർ റസിഡന്റ്സ് അസ്സോസിയേഷൻ വാട്ടർ അതോറിറ്റിയുടെ ചെങ്കള്ളൂരിലുള്ള പമ്പിംഗ് സ്റ്റേഷനെതിരെ സമർപ്പിച്ച പരാതിയിൽ കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡുദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി വാട്ടർ അതോറിറ്റിക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിരുന്നുവെന്നും 22-4-2003-ലെ കത്ത് പ്രകാരം അറ്റകുറ്റപ്പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ ചെയ്യുമെന്ന് വാട്ടർ അതോറിറ്റി മലിനീകരണനിയന്ത്രണ ബോർഡിനെ അറിയിച്ചിരുന്നുവെന്നും 29-5-2006-ൽ വീണ്ടും മലിനീകരണനിയന്ത്രണ ബോർഡുദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയെന്നും പരിശോധനാസമയത്ത് പമ്പിംഗ് സ്റ്റേഷനിൽ നിന്നും സ്വീവേജ് ചോർച്ച ഉണ്ടായിരുന്നില്ലെന്നും എന്നാൽ പമ്പിംഗ് സ്റ്റേഷനിലേക്ക് വരുന്ന പൈപ്പ്ലൈനിൽ സ്റ്റേഷനടുത്തുള്ള ഒരു മാൻഹോളിൽ നിന്നും സ്വീവേജ് കവിഞ്ഞൊഴുകുന്നതായി

കണ്ടുവെന്നും ഇത് കിള്ളിയാറിൽ വന്നുചേരുമെന്നും സ്വീവർ ലൈനിൽ ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന തടസ്സമാണ് ഇതിനുകാരണമെന്നും ഈ പ്രശ്നം പരിഹരിക്കാൻ വാട്ടർ അതോറിറ്റിക്ക് മലിനീകരണനിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

കൂടാതെ പാർവ്വതീപുത്തനാർ മലിനീകരണത്തിനെതിരെ ഫയൽ ചെയ്യപ്പെട്ട ഒ.പി. 10586/95-ൽ 13-10-2006-ലെ വിധിയിൽ കേരള വാട്ടർ അതോറിറ്റിയോട് ഒമ്പത് മാസത്തിനുള്ളിൽ നവീന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചുവെന്നും പദ്ധതി നടപ്പിലാക്കുന്നത് ഉറപ്പാക്കാൻ മലിനീകരണനിയന്ത്രണ ബോർഡിന് നിർദ്ദേശം നൽകിയിരുന്നുവെന്നും ഇതേ തുടർന്ന് കേരള വാട്ടർ അതോറിറ്റി ജലസേചന വകുപ്പ്, തിരുവനന്തപുരം കോർപ്പറേഷൻ, ഡെയറി ഡെവലപ്പ്മെന്റ് എന്നിവരുടെ യോഗങ്ങൾ പലതവണ മലിനീകരണനിയന്ത്രണ ബോർഡ് വിളിച്ചുകൂട്ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പുരോഗതി വിലയിരുത്തിയിരുന്നെന്നും 24-3-2007-ലെ മീറ്റിംഗിൽ 2 നവീന ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന്റെ നടപടി നടന്നുകൊണ്ടിരിക്കുന്നതായി വാട്ടർ അതോറിറ്റി അറിയിച്ചു എങ്കിലും നാളിതുവരെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള രൂപരേഖയോ സ്ഥാപനാനുമതിക്കുള്ള അപേക്ഷയോ മലിനീകരണനിയന്ത്രണ ബോർഡിൽ വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടില്ലെന്നും കോടതിവിധി നടപ്പിലാക്കാൻ സമയം നീട്ടിക്കിട്ടാൻ കേരള വാട്ടർ അതോറിറ്റി ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതായും അറിയിച്ചിരുന്നു.

തുടർന്ന് സ്വീവേജ് സിസ്റ്റം നവീകരിക്കാനും തിരുവനന്തപുരം കോർപ്പറേഷനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനും ജൻറം പദ്ധതി പ്രകാരം കോർപ്പറേഷൻ നടപടികൾ എടുത്തുവരുന്നതായും പരാമർശിച്ചിരുന്നു.

ജലവിഭവ വകുപ്പ് 6-10-2009-ലെ 18149/സി1/2004/ജ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ തിരുവനന്തപുരം ഡ്രെയിനേജ് സ്കീമിന്റെ ഭാഗമായി പൂജപ്പുര ചെങ്കള്ളൂരിൽ പ്രവർത്തിച്ചുവരുന്ന മുടവൻമുഗൾ സ്വീവേജ് സ്റ്റേഷനിൽ സാധാരണ പമ്പിംഗ് സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുള്ളതുപോലുള്ള ഓവർഫ്ലോ സംവിധാനം നിലവിലില്ലെന്നും വൈദ്യുതി തകരാറോ പമ്പ് റിപ്പയറോ പോലുള്ള തടസ്സങ്ങൾമൂലം പമ്പിംഗ് മുടങ്ങിയാൽ താരതമ്യേന താഴ്ന്ന സ്ഥലങ്ങളായ ചെങ്കള്ളൂരും പരിസരത്തും ഉള്ള മാൻഹോളുകൾ നിറഞ്ഞ് കവിയാറുണ്ടെന്നും എന്നാൽ പമ്പിംഗ് തടസ്സം വരുമ്പോഴുള്ള അധിക ജലം ഒഴുക്കികളയാനുള്ള പ്രകൃതിദത്തമായ നീർച്ചാലുകൾ ഇല്ലാത്തതുകൊണ്ട് ഓവർഫ്ലോ സംവിധാനങ്ങൾ കൊടുത്തിട്ടില്ലാത്തതുമൂലം ചില പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ഈ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാനായി ഒരു പുതിയ കോൺക്രീറ്റ് കിണർ നിർമ്മിക്കുവാനും സ്വീവറേജ് ഡിവിഷൻ ഓഫീസിൽ നടപടികൾ

സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി ക്ഷണിച്ച ദർഘാസുകൾ പരിശോധനയിലാണെന്നും ആറ് മാസത്തിനകം ടി പണി പൂർത്തിയാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നെന്നും ടി കിണർ പൂർത്തിയാക്കുമ്പോൾ കവിഞ്ഞൊഴുകലിന്റെ തോത് ഗണ്യമായി കുറയുകയും പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുന്നതുമാണെന്നും ബോധിപ്പിച്ചിരിക്കുന്നു.

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന കോൺക്രീറ്റ് കിണറിന്റെ പണി സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് ജലവിഭവ വകുപ്പിൽ നിന്നും ആരായുകയുണ്ടായി. ആയതിന് 14-12-2010-ലെ 17201/സി1/10/ജ.വി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടിയിൽ ചെങ്കള്ളൂരിൽ പ്രവർത്തിക്കുന്ന മുടവൻമുഗൾ ഡ്രെയിനേജ് പമ്പ് ഹൗസിനോടനുബന്ധിച്ച് നിർമ്മിക്കാനുദ്ദേശിച്ച കോൺക്രീറ്റ് കിണറിന്റെ നിർമ്മാണത്തിനുള്ള കരാർ ഉറപ്പിച്ചുകഴിഞ്ഞതായും പ്രസ്തുത പണി 31-12-2010-ന് മുമ്പ് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും അറിയിച്ചിരുന്നു.

മേൽ റിപ്പോർട്ട് പരിഗണിച്ച സമിതി പരാതിവിഷയം സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതിയെന്തെന്നും പരാതി പരിഹൃതമായോയെന്നും ജലവിഭവ വകുപ്പിനോട് ആരാഞ്ഞിരുന്നു. ആയതിന് ജലവിഭവ വകുപ്പ് നൽകിയ 22-6-2013-ലെ 1539/സി1/12/ ജ.വി.വ. നമ്പർ റിപ്പോർട്ടിൽ ടി വിഷയം കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പരിശോധിച്ചുവെന്നും മുടവൻമുഗൾ ഡ്രെയിനേജ് പമ്പ് ഹൗസിൽ നിർമ്മിച്ച പുതിയ കിണറിന്റെ പ്രവർത്തനവും പുതിയതായി സ്ഥാപിച്ച പമ്പിന്റെ പ്രവർത്തനവും ഇതിനകം ആരംഭിച്ചിട്ടുണ്ടെന്നും പുതിയ കിണറിൽ നിന്നും പമ്പിംഗ് ആരംഭിച്ചതുമുതൽ മലിനജലം കവിഞ്ഞൊഴുകുന്ന പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിച്ചിട്ടുണ്ടെന്നും ചെങ്കള്ളൂർ മൈത്രി നഗർ പ്രദേശം പമ്പ് ഹൗസ് സ്ഥിതിചെയ്യുന്ന സ്ഥലത്തെക്കാളും താഴ്ന്നതും വെള്ളക്കെട്ട് ഉള്ളതും ആണെന്നും ഉപഭോക്താക്കളിൽ പലരും മഴവെള്ളക്കുഴലുകൾ ഡ്രെയിനേജ് പൈപ്പിലാണ് ഘടിപ്പിച്ചിട്ടുള്ളതെന്നും ആയതിനാൽ മഴസമയത്ത് മാൻഹോളുകൾ നിറഞ്ഞ് കവിയാനുള്ള സാധ്യത കൂടുതലാണെന്നും പ്രസ്തുത പ്രദേശങ്ങളിൽ വൈദ്യുതി വിതരണം മുടങ്ങുന്നതും പതിവാണെന്നും അരമണിക്കൂർ പമ്പിംഗ് നിലച്ചാൽത്തന്നെ കിണർ നിറയുന്നതിനും മാൻഹോളുകളിൽക്കൂടി കവിഞ്ഞൊഴുകുന്നതിനുമുള്ള സാധ്യതയുമുണ്ടെന്നും നിലവിൽ പരാതിയിൽ പറഞ്ഞിരിക്കുന്ന പ്രശ്നങ്ങൾ മിക്കതും പരിഹരിച്ചിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീവേജ് ഡിവിഷൻ പാറ്റൂർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

2002-ൽ സമർപ്പിക്കപ്പെട്ട നിവേദനത്തിന്മേൽ സമിതിയുടെ നിരന്തരമായ ഇടപെടൽമൂലം ഒട്ടുമിക്ക പ്രശ്നങ്ങളും പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് സമിതി വിശ്വസിക്കുന്നു. എന്നിരുന്നാലും ഒട്ടനവധി പരിസ്ഥിതി പ്രശ്നങ്ങൾ അടങ്ങിയിട്ടുള്ള

ഇത്തരത്തിലുള്ള ഒരു പരാതിയുടെ പരിഹാരത്തിന് പതിനൊന്ന് വർഷത്തോളം സമിതി കത്തിടപാട് നടത്തേണ്ടിവന്നു എന്നതും ഗൗരവതരമായ ഇത്തരം കാര്യങ്ങളിൽ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനത്തിന്റെ അഭാവവും സമിതി ഏറെ ഉത്കണ്ഠയോടെയാണ് വീക്ഷിക്കുന്നത്.

5. ഹൈവേകളിലേയും മെഡിക്കൽ കോളേജുകളിലേയും പരിസ്ഥിതി മലിനീകരണം സംബന്ധിച്ച് ശ്രീ. സുജോബി ജോസ് സമർപ്പിച്ച പരാതി.

(ഫയൽ നമ്പർ 12732/പരി1/04/നി.സെ.)

തൃശ്ശൂർ മെഡിക്കൽ കോളേജിലെ മാലിന്യങ്ങൾ, നഗരത്തിലെ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വലിച്ചെറിയുന്ന ചപ്പുചവറുകൾ, അറവുശാലകളിൽ നിന്നുള്ള മൃഗങ്ങളുടേയും കോഴികളുടേയും അവശിഷ്ടങ്ങൾ എന്നിവമൂലമുണ്ടാകുന്ന പരിസര മലിനീകരണം ഒഴിവാക്കുന്നതിന് സമിതി ഇടപെടണമെന്നതാണ് പരാതിവിഷയം.

പരാതി സംബന്ധിച്ച് തദ്ദേശസ്വയംഭരണം, പരിസ്ഥിതി, പൊതുമരാമത്ത് എന്നീ വകുപ്പുകളിൽ നിന്നും സമിതി വിശദാംശങ്ങൾ ആരായുകയുണ്ടായി. പരിസ്ഥിതി വകുപ്പിൽ നിന്നും ലഭിച്ച മറുപടി ചുവടെ ചേർക്കും പ്രകാരമായിരുന്നു:

"തൃശ്ശൂർ ജില്ലാ ആശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡിനു മുന്നിൽ ഏകദേശം 16 മീ. x 8 മീ. x 2 മീ. അളവുകളുള്ള ഒരു കുടിവെള്ള ടാങ്ക് ഉണ്ടെന്നും ഇതിൽനിന്ന് പമ്പ് ചെയ്യുന്ന വെള്ളമാണ് ആശുപത്രിയിൽ കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്നതെന്നും ഈ ടാങ്ക് ആസ്ബസ്റ്റോസ് ഷീറ്റുകൊണ്ടടച്ചിരിക്കുന്നതിനാൽ പരാതിയിൽ പരാമർശിക്കുന്നതുപോലെ കെട്ടിടത്തിനു മുകളിൽനിന്നു നേരിട്ട് ഖരമാലിന്യങ്ങൾ ടാങ്കിലേക്കു വീഴുന്ന സാഹചര്യം ഇല്ലായെങ്കിലും എലിശല്യത്തിൽ നിന്നും മറ്റും ടാങ്കിലെ വെള്ളം സംരക്ഷിക്കുവാൻ ടാങ്ക് മുഴുവനായും ബലമുള്ള അടപ്പുകൊണ്ടടയ്ക്കുന്നത് അഭികാമ്യമായതിനാൽ ഇക്കാര്യം ആശുപത്രി അധികൃതരുടെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ടെന്നും മലിനീകരണനിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്".

മുളങ്കുന്നത്തുകാവിൽ സ്ഥിതിചെയ്യുന്ന തൃശ്ശൂർ മെഡിക്കൽ കോളേജ് നെഞ്ചുരോഗാശുപത്രിയുടെ സമീപത്തുള്ള കുടിവെള്ള ടാങ്ക്, പരിസരത്തു പ്രവർത്തിക്കുന്ന ഇന്ത്യൻ കോഫി ഹൗസ് ക്യാന്റീനിന്റെ അഴുക്കുചാലിൽനിന്ന് വെറും 5 മീറ്റർ മാത്രം അകലത്തിലാണ്. മലിനീകരണനിയന്ത്രണ ബോർഡുദ്യോഗസ്ഥരുടെ പരിശോധനാ സമയത്ത് ക്യാന്റീനിൽ നിന്നുള്ള മലിനജലം കുടിവെള്ള ടാങ്കിൽനിന്ന് 10 മീറ്റർ അകലെ ഒരു കുഴിയിലേക്ക് എത്തിച്ചേരുന്നതായും അഴുക്കുചാൽ യഥാസമയങ്ങളിൽ

കേടുപാടുതീർത്തിട്ടില്ലാത്തതായി കണ്ടുവെന്നും അതിനാൽ മലിനജലം മണ്ണിലേക്ക് ഊർന്നിറങ്ങി മലിനീകരണം ഉണ്ടാകാൻ സാദ്ധ്യതയുള്ളതായി മലിനീകരണനിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അഴുക്കുചാൽ വൃത്തിയാക്കി കോൺക്രീറ്റും സിമന്റും ഉപയോഗിച്ച് കേടുപാടുകൾ തീർക്കുന്നതിനും കോഫി ഹൗസിലെ കാന്റീനിൽ നിന്നുള്ള മലിനജലം ശുദ്ധീകരിച്ച് വിടുന്നതിനും വേണ്ട നിർദ്ദേശം ആശുപത്രി അധികൃതർക്ക് നൽകിയിട്ടുണ്ടെന്ന് മലിനീകരണനിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സ്വകാര്യ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഖരമാലിന്യങ്ങൾ, ആശുപത്രികളിൽ നിന്നുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ ഒഴികെയുള്ള ഖരമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യേണ്ട ചുമതല ബന്ധപ്പെട്ട കോർപ്പറേഷനാണുള്ളത്. ഖരമാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ട നിർദ്ദേശങ്ങൾ കോർപ്പറേഷന് മലിനീകരണനിയന്ത്രണ ബോർഡ് നൽകിയിട്ടുണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

അറവുശാലകൾക്ക് മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതിപത്രം കർശനമാക്കിയിട്ടുണ്ട്. ഖര-ദ്രവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് വേണ്ട മതിയായ സംവിധാനങ്ങൾ സ്ഥാപനമുടമ നടപ്പിലാക്കണമെന്ന് ബോർഡ് നിഷ്കർഷിച്ചു വരുന്നുവെന്നും ഇവയുടെ കാര്യക്ഷമത മലിനീകരണനിയന്ത്രണ ബോർഡ് വിലയിരുത്തി വരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തൃശ്ശൂർ ജില്ലാ ആശുപത്രി എന്ന് പരാതിയിൽ പരാമർശിച്ചിട്ടുള്ളത് പഴയ കെട്ടിടമാണെന്നും അവിടെ ഇപ്പോൾ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ മാത്രമാണ് പ്രവർത്തിക്കുന്നതെന്നും അവിടെ കുടിവെള്ള പ്രശ്നമൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തൃശ്ശൂർ ജില്ലാ ആശുപത്രി ഇപ്പോൾ പഴയ മെഡിക്കൽ കോളേജ് ആശുപത്രിയുടെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും അവിടെയുള്ള മാലിന്യങ്ങൾ നീക്കി വൃത്തിയാക്കിയതായും നിറഞ്ഞു കഴിഞ്ഞ കക്കൂസ് ടാങ്ക് വൃത്തിയാക്കി പുറത്തേക്ക് മാലിന്യങ്ങൾ ഒഴുകുന്നത് തടഞ്ഞതായും ആശുപത്രി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ഇമേജ് എന്ന സംഘടനയുമായി കരാറിൽ ഏർപ്പെട്ടതായും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് 8-9-2010-ലെ സമിതിയോഗം പരിഗണിക്കുകയും തൃശ്ശൂർ മെഡിക്കൽ കോളേജിലെ അഴുക്കുചാലിന്റെ കേടുപാടുകൾ തീർത്തിട്ടുണ്ടോയെന്നും ആയതിന്റെ നിലവിലെ അവസ്ഥ എന്താണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെടുകയുണ്ടായി.

സമിതി ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 15-5-2011-ലെ 13478/ഡി.സി1/2011/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുംപ്രകാരമായിരുന്നു:

"തൃശ്ശൂർ ജില്ലാ ആശുപത്രിയുടെ KHRWS പേവാർഡ് കെട്ടിടത്തിലെ പരാതിക്കാസ്പദമായ കോൺക്രീറ്റ് ടാങ്ക് ഇപ്പോൾ ഉപയോഗിക്കുന്നില്ല, പുതിയ Sintex Tank മൂടിയോടുകൂടിയതായതിനാൽ, ജലം മലിനമാകുന്നില്ല. ടി പേവാർഡ് ഇപ്പോൾ പ്രവർത്തനമില്ല. മുൻ മെഡിക്കൽ കോളേജും, ഇപ്പോഴത്തെ ജില്ലാ ആശുപത്രി സ്ഥിതി ചെയ്യുന്നതുമായ കോമ്പൗണ്ടിലെ ശുദ്ധജലത്തിന് വേണ്ടിയുള്ള ടാങ്ക് തൃപ്തികരമായി സംരക്ഷിച്ചുവരുന്നുണ്ട്. സമീപത്തെ കാന ടി ടാങ്കിലെ ഓവർഫ്ളോ പൈപ്പിലെ വെള്ളം ഒഴുക്കുവാൻ മാത്രം നിർമ്മിച്ചതാണെന്നും, ആയത് കോൺക്രീറ്റ് ചെയ്ത് സംരക്ഷിച്ചിട്ടുള്ളതിനാൽ ടാങ്കിലെ ശുദ്ധജലം മലിനമാകുന്നില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്".

പരാതി സംബന്ധിച്ച് പൊതുമാരമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിലൂടെ തൃശ്ശൂർ ജില്ലാ ആശുപത്രിയെ ജനറൽ ആശുപത്രിയായി മാറ്റിയതിനെത്തുടർന്ന് പൊതുമരാമത്ത് കെട്ടിടവിഭാഗത്തിൽ നിക്ഷിപ്തമാക്കപ്പെട്ട പ്രവൃത്തികളെല്ലാം ചെയ്തിട്ടുള്ളതായും സമിതിയെ അറിയിക്കുകയുണ്ടായി.

സമിതിയുടെ ഇടപെടൽ നിമിത്തം പരാതിയിലൂടെ ഉന്നയിക്കപ്പെട്ടിരുന്ന പ്രദേശങ്ങളിലെ രൂക്ഷമായ മാലിന്യപ്രശ്നം വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തി ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞുവെന്ന് സമിതി വിശ്വസിക്കുന്നു.

6. പൊൻകണ്ടം വൈലത്തൂർ മാർക്കറ്റിലെ മലിനീകരണം സംബന്ധിച്ച് ശ്രീ. സിദ്ധിഖ് പുല്ലാട് സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 14839/പരി1/04/നി.സെ.)

പൊൻമുണ്ടം പഞ്ചായത്തിലെ പ്രധാന ടൗണായ വൈലത്തൂർ മാർക്കറ്റിൽ ചപ്പ്ചവറുകൾ നിക്ഷേപിക്കുക കശാപ്പ് അവശിഷ്ടങ്ങൾ മാർക്കറ്റിലേക്ക് ഒഴുക്കിവിടുക എന്നീ പ്രവർത്തികൾ നടക്കവേ പരിഹാരത്തിനായി ബന്ധപ്പെട്ടവർക്ക് നിവേദനം നൽകിയെങ്കിലും യാതൊരു പരിഹാരവും ഉണ്ടായില്ലെന്നും ആയതിനാൽ സമിതി ഇടപെടണമെന്നുമാണ് പരാതിയിലെ ആവശ്യം.

പരാതിയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും (23-7-2009-ലെ 23188/ഡിഎ 3/07/ത.സ്വ.ഭ.വ.നമ്പർ) ലഭിച്ച റിപ്പോർട്ടിലൂടെ പൊൻമുണ്ടം ഗ്രാമപഞ്ചായത്തിലെ വൈലത്തൂർ മാർക്കറ്റിലെ മലിനീകരണത്തിന് കാരണമായി പറയുന്ന

ഇൻസിനറേറ്റർ മാർക്കറ്റ് കോമ്പൗണ്ടിൽ നിന്നും പൂർണ്ണമായി പൊളിച്ചുമാറ്റിയിട്ടുള്ളതാണെന്നും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ട്രാക്ടർ ട്രെയിലർ ഉപയോഗിച്ച് 3 ഫുൾ-ടൈം സ്വീപ്പർമാരുടെ സേവനം വിനിയോഗിച്ച് മാർക്കറ്റും പഞ്ചായത്ത് പരിസരവും ദിവസവും വൃത്തിയായി സൂക്ഷിച്ച് പോരുന്നതും പഴയ മാർക്കറ്റ് ഉപയോഗിച്ച് പുതിയ മാർക്കറ്റ് കോംപ്ലക്സ് നിർമ്മിക്കുകയും, ആയത് ഉദ്ഘാടനസജ്ജമായിക്കൊണ്ടിരിക്കുകയാണെന്നും നിലവിൽ വൈലത്തൂർ മാർക്കറ്റിലെ മാലിന്യപ്രശ്നങ്ങൾ സംബന്ധിച്ച് മറ്റ് പരാതികൾ ഒന്നും തന്നെ ഇല്ല എന്നുമുള്ള വിവരം സമിതിയെ അറിയിക്കുകയുണ്ടായി.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്മേൽ നിവേദകന്റെ പ്രതികരണം ആരാഞ്ഞപ്പോൾ പ്രസ്തുത റിപ്പോർട്ടിലെ വിവരങ്ങൾ തൃപ്തികരവും വസ്തുനിഷ്ഠവുമാണെന്ന് നിവേദകൻ സമിതിയെ അറിയിക്കുകയുണ്ടായി. സമിതിക്ക് ലഭിച്ച പരാതിയിന്മേൽ പരാതിക്കാരനുകൂടി സ്വീകാര്യമായ രീതിയിലുള്ള ഒരു പ്രശ്നപരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

7. തേവര-പേരണ്ടൂർ കനാലിന്റെ പുനരുദ്ധാരണം ആവശ്യപ്പെട്ട് ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ സമർപ്പിച്ച പരാതി

(ഫയൽ നമ്പർ 15124/പരിസ്ഥിതി1/2004/നി.സെ.)

കൊച്ചി നഗരത്തിലെ തേവര-പേരണ്ടൂർ കനാലിൽ നടത്തിയ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വൃഥാവിലായെന്നും പ്രസ്തുത തോട് ഇന്നും വെള്ളക്കെട്ടും മാർക്കറ്റിൽ നിന്നുമുള്ള മാലിന്യങ്ങളും നിറഞ്ഞ് കൊതുക് വളരുന്നതിനും പകർച്ചവ്യാധികൾ പടരുന്നതിനും കാരണമാകുന്നുവെന്നും ആയതിനാൽ സമിതി ഇടപെടണമെന്നുമാണ് പരാതിയിലെ ആവശ്യം. ആയതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടിയിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ സമിതിയെ ബോധിപ്പിക്കുകയുണ്ടായി:

"കൊച്ചി നഗരത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തുകൂടി തെക്കുവടക്കായി 10.5 കിലോമീറ്റർ നീളവും ശരാശരി 15 മീറ്റർ വീതിയുമുള്ള ഒരു തോടാണ് തേവര-പേരണ്ടൂർ കനാൽ. ഈ പരാതി സമർപ്പിച്ച 2004-ന ശേഷം നാളിതുവരെയായി പരാതിയിൽ ഉന്നയിച്ചിട്ടുള്ള പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടിട്ടുണ്ട്.

മഴ പെയ്താൽ കനാലിൽ നിന്നും അഴുക്കുവെള്ളം വീടുകളിൽ കയറുന്നു എന്ന് പരാതിയിൽ പറയുന്നുണ്ട്. തേവര-പേരണ്ടൂർ കനാലിലെ ചെളി എല്ലാ വർഷവും കോർപ്പറേഷൻ നീക്കം ചെയ്ത് കനാൽ വൃത്തിയാക്കുന്നുണ്ട്. 2012-ൽ ഇതിനായി 2.5 കോടി രൂപ ചെലവഴിച്ച് ഒരു മീറ്റർ ആഴവും വർദ്ധിപ്പിച്ചിട്ടുണ്ട്. കനാലിന്റെ

ഭൂരിഭാഗപ്രദേശത്തും ജനവാസ സ്ഥലങ്ങളിലും പാർശ്വഭിത്തികൾ കെട്ടിയിട്ടുണ്ട്. ഇതിന്റെ ഫലമായി കനാലിലെ നീരൊഴുക്ക് സുഗമമായിട്ടുണ്ട്. അതുകൊണ്ട് മഴക്കാലത്ത് കനാലിൽ നിന്നും വെള്ളം ഇപ്പോൾ കയറുന്നില്ല.

പേരണ്ടൂർ കനാലിന്റെ വശങ്ങളിൽ ഭൂമി കയ്യേറ്റം നടത്തിയത് കോർപ്പറേഷൻ ഒഴിപ്പിച്ചിട്ടുണ്ട്. കയ്യേറ്റം നടത്തി വീട് വെച്ചിട്ടുള്ളതിൽ ആദ്യഘട്ടമായി തേവര മുതൽ ജിസിഡിഎ വരെയുള്ള 36 കുടുംബങ്ങളെ ഒഴിപ്പിക്കുകയും പുനരധിവാസത്തിന് മാർഗ്ഗമില്ലാത്ത സാഹചര്യത്തിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ 2009 മുതൽ താമസിപ്പിച്ച് വരികയാണ്. പുനരധിവാസത്തിന് നഗരസഭയ്ക്ക് ഭൂമിയില്ലാത്തതിനാൽ ശേഷം ബാക്കിയുള്ള കുടുംബങ്ങളെ ഒഴിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. ബാക്കി കുടുംബങ്ങളെ കൂടി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കനാലിന് കുറുകെയുള്ള വിവിധ പാലങ്ങളിൽ കോയിത്തറ, ജഡ്ജസ്, അവന്യൂ ഭാഗത്തെ പാലങ്ങൾ ഉയർത്തി പണിതിട്ടുണ്ട്. കലൂർ പി.വി.എസ്. ആശുപത്രിക്ക് മുൻവശമുള്ള മെയിൻ റോഡിലെ കലുങ്ക് വൃത്തിയാക്കി നീരൊഴുക്ക് സുഗമമാക്കിയിട്ടുണ്ട്. അതുകൊണ്ട് കലൂർ ഭാഗത്ത് ഇപ്പോൾ വെള്ളക്കെട്ട് ഇല്ല. പി.ഡബ്ല്യൂ.ഡി. മെയിൻ റോഡിന്റെ അടിയിലൂടെ തടസ്സം കൂടാതെ വെള്ളമൊഴുക്കുന്നതിന് കലുങ്ക് ഉയർത്തി നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നു. കനാൽ കായലിലേക്ക് ചേരുന്ന മൗത്ത് ഭാഗം ആഴം കൂട്ടി വെള്ളമൊഴുക്ക് സുഗമമാക്കിയിട്ടുള്ളതാണ്.

കലൂർ അറവുശാലയിൽ നിന്നും മാലിന്യങ്ങൾ ഒന്നും തന്നെ കനാലിൽ നിക്ഷേപിക്കുന്നില്ല. മാലിന്യങ്ങൾ അറവുശാലയിൽ തന്നെ സംസ്കരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അറവുശാലയിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റുവഴി സംസ്കരിക്കാൻ കഴിയാത്ത മാലിന്യങ്ങൾ ബ്രഹ്മപുരത്തുള്ള കോർപ്പറേഷന്റെ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ കൊണ്ടുപോയാണ് സംസ്കരിക്കുന്നത്.

കനാലിൽ അഴുക്കുകൾ നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്. സെപ്റ്റിക് ടാങ്കിൽ നിന്നും കനാലിലേക്ക് ഔട്ട്ലെറ്റുകൾ നൽകുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ഔട്ട്ലെറ്റുകളും അടപ്പിച്ചിട്ടുണ്ട്. ഔട്ട്ലെറ്റുകൾ കനാലിലേക്ക് നൽകുന്നില്ല എന്ന് ഉറപ്പ് വരുത്താൻ കോർപ്പറേഷനിലെ ആരോഗ്യ വിഭാഗം പരിശോധന നടത്തി വരുന്നുണ്ട്.

പരാതിയിൽ പറയുന്ന പ്രകാരമുള്ള പ്രശ്നങ്ങൾ ഇപ്പോൾ ഇല്ല. കനാൽ വൃത്തിയായി സൂക്ഷിക്കുന്നുണ്ട്. ചങ്ങാടം പോക്ക് തോട്, മുല്ലശ്ശേരി കനാൽ, മാർക്കറ്റ് തോട്,

കർണകോടം തോട്, എളംകുളം കനാൽ, ആലുംചുവട് തോട്, പഷ്ണിത്തോട്, തേവര മാർക്കറ്റ് തോട്, കാരയ്ക്കാമുറി തോട് എന്നിവയും കാലാകാലങ്ങളിൽ വൃത്തിയാക്കി സൂക്ഷിച്ചു വരുന്നുണ്ട്. രാമേശ്വരം കനാലിന്റെ നവീകരണം ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ നടന്നു വരുന്നുണ്ട്. തേവര-പേരണ്ടൂർ കനാൽ കൂടാതെ നഗരപ്രദേശത്തുള്ള ചെറുതും വലുതുമായ തോടുകളും കാനകളും എല്ലാ മൺസൂൺ സീസണിന് മുമ്പായി ക്ലീനിംഗ് നടത്തി വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു."

തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശദീകരണം ഹർജിക്കാരനെ അറിയിച്ച് പ്രതികരണം ആരായുകയുണ്ടായെങ്കിലും ഇക്കാര്യത്തിൽ പ്രതികരണം ഒന്നും ഉണ്ടായിട്ടില്ല. ആയതിനാൽ പരാതിയിലൂടെ ഉന്നയിച്ചിരുന്ന കാര്യങ്ങൾ പരിഹരിക്കപ്പെട്ടതായി സമിതി വിശ്വസിക്കുന്നു.

8. ശംഖ് സംസ്കരണംമൂലമുള്ള പരിസര മലിനീകരണം സംബന്ധിച്ച് ശക്തികുളങ്ങര കീർത്തി ജംഗ്ഷൻ നിവാസികൾ സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 904/പരിസ്ഥിതി2/2007/ നി.സെ.)

ശക്തികുളങ്ങര വില്ലേജിൽ കീർത്തി ജംഗ്ഷനിൽ ജനസാന്ദ്രത കൂടിയ പ്രദേശത്ത് ശ്രീ. രാജൻ ചെട്ടിയാർ നടത്തുന്ന ശംഖ് സംസ്കരണ സ്ഥാപനം ഉളവാക്കുന്ന വായു മലിനീകരണത്തിൽ സമീപവാസികൾക്ക് ശ്വാസകോശ രോഗങ്ങളും, ഛർദ്ദി, അതിസാരം തുടങ്ങിയ രോഗങ്ങളും പടർന്ന് പിടിക്കുന്നതായും 17 വർഷമായി ഈ പ്രശ്നത്തിനെതിരെ പരാതി നൽകിയിട്ടും അധികാരികളുടെ ഭാഗത്തുനിന്ന് യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നും ആയതിനാൽ പ്രശ്നപരിഹാരത്തിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് നിവേദനത്തിലെ ആവശ്യം.

നിവേദനത്തിന്മേൽ പരിസ്ഥിതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത യൂണിറ്റ് മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താതെയാണ് പ്രവർത്തിക്കുന്നതെന്ന് പരിശോധനാ സമയത്ത് കാണാൻ കഴിഞ്ഞതെന്നും ആയതിനാൽ വായു മലിനീകരണ നിയന്ത്രണ നിയമത്തിന്റെ 31A വകുപ്പ് പ്രകാരം അടച്ചുപൂട്ടാതിരിക്കാനായി കാരണം കാണിക്കാനായി മലിനീകരണനിയന്ത്രണ ബോർഡ് നോട്ടീസ് നൽകി ആയതിന്മേലുള്ള പുരോഗതി ബോർഡ് നിഷ്കർഷിച്ചുവരുന്നതായി അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി വായു മലിനീകരണനിയന്ത്രണ നിയമത്തിന്റെ 31A വകുപ്പ് പ്രകാരം അടച്ചുപൂട്ടാതിരിക്കാനുള്ള കാരണം കാണിക്കാനായി മലിനീകരണനിയന്ത്രണ ബോർഡ് നൽകിയ നോട്ടീസിന്റെ ഇപ്പോഴത്തെ അവസ്ഥ ആരായുവാൻ നിർദ്ദേശിച്ചു. സമിതി ആരാഞ്ഞ അധികവിവരത്തിന് പരിസ്ഥിതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

കൊല്ലം കോർപ്പറേഷനിലെ ശക്തികുളങ്ങര സോണൽ പരിധിയിൽ ശ്രീ. എം. രാജൻ, മാധവ വിലാസം, കീർത്തി നഗർ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കൂട്ടിയിട്ടിരുന്ന ശംഖുകളുടെ സംസ്കരണം നിർത്തി വെപ്പിച്ചിട്ടുണ്ട്. നിയമാനുസൃത ലൈസൻസ് കൂടാതെ പ്രവർത്തനം നടത്താൻ പാടില്ലായെന്ന് ശ്രീ.എം.രാജനെ അറിയിച്ചിട്ടുമുണ്ട്.

സമിതിയുടെ ഇടപെടൽമൂലം ഈ പ്രശ്നത്തിന് പരഹാരം കാണാൻ കഴിഞ്ഞതിൽ അതിയായ ചാരിതാർത്ഥ്യമുണ്ട്.

9. കൊല്ലം ജില്ലയിലെ ചക്കുവള്ളി ജംഗ്ഷനിലെ മലിനീകരണം സംബന്ധിച്ച് പരിസരവാസികൾ സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 908/പരി1/07/നി.സെ.)

കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിലെ ചക്കുവള്ളി ജംഗ്ഷനിലെ ഒരു സ്വകാര്യ ഹോട്ടൽ ഉടമ കശാപ്പ് ചെയ്യുന്ന മാടിന്റെ അവശിഷ്ടങ്ങളും, ഹോട്ടൽ മാലിന്യവും പൊതുമരാമത്ത് വകുപ്പിന്റെ ഓടയിലേക്ക് തള്ളുന്നതും, ഇത് കെട്ടി കിടന്ന് കൊതുകും എലികളും പെരുകുന്നതായും ഇത് സമീപവാസികൾക്കും യാത്രക്കാർക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായുമാണ് പരാതി.

നിവേദനത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പും, പരിസ്ഥിതി വകുപ്പും നൽകിയ റിപ്പോർട്ടുകൾ 17-6-2009-ലെ സമിതിയോഗം പരിഗണിക്കുകയും ഹോട്ടലധികൃതർക്ക് മലിനീകരണനിയന്ത്രണ ബോർഡ് നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് പരിസ്ഥിതി വകുപ്പിൽ നിന്നും ആവശ്യപ്പെടുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

പ്രസ്തുത നിർദ്ദേശത്തിന്മേൽ പരിസ്ഥിതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് 30-11-2010-ലെ സമിതിയോഗം പരിഗണിക്കുകയും റിപ്പോർട്ട് വിവരം പരാതിക്കാരെ അറിയിക്കുന്നതിനും ഹോട്ടൽ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിസ്ഥിതി വകുപ്പിനോട് ആരായുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. ആയതിന് പരിസ്ഥിതി വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ നിവേദനത്തിന്മേൽ പരാമർശിച്ചിരിക്കുന്ന ഹോട്ടൽ 25-2-2013-ൽ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡുദ്യോഗസ്ഥർ പരിശോധന നടത്തിയപ്പോൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു എന്നും ഭക്ഷണാവശിഷ്ടങ്ങളും ജൈവ ജീർണ്ണ അവശിഷ്ടങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഹോട്ടലിൽ സ്ഥാപിച്ചിരിക്കുന്ന ബയോഗ്യാസ് പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും പരിശോധനയിൽ ഹോട്ടൽ പരിസരത്ത് മൃഗകശാപ്പ് നടക്കുന്നതിന്റെ ലക്ഷണമൊന്നും കണ്ടില്ല എന്നും

ഹോട്ടലിൽ നിന്നുണ്ടാകുന്ന പാഴ്ജലം ശുദ്ധീകരിച്ച് നിർമ്മാർജ്ജനം ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതായും മലിനീകരണനിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും അറിയിച്ചിരുന്നു.

പരിസ്ഥിതി വകുപ്പിന്റെ മറുപടിയിൽ നിന്നും നിലവിൽ പ്രസ്തുത സ്ഥലത്ത് മാലിന്യങ്ങൾ ഒന്നും ഇല്ല എന്ന് സമിതി വിലയിരുത്തുകയുണ്ടായി.

10. പരിസ്ഥിതി സമിതി (2006-2009) കൊല്ലം താലൂക്കിൽ ആദിച്ചനല്ലൂർ പഞ്ചായത്തിൽ 3-ാം വാർഡിൽ ഇത്തിക്കര NH 47-ലെ പാലത്തിന് സമീപം നടക്കുന്ന മണൽ ഖനനത്തിനെതിരെ പൊതുജനങ്ങളും കുടുംബശ്രീ യൂണിറ്റും ചേർന്ന് സമർപ്പിച്ച പരാതി.

(ഫയൽ നമ്പർ 911/പരിസ്ഥിതി 3/07/നി.സെ.)

ആദിച്ചനല്ലൂർ പഞ്ചായത്തിൽ 3-ാം വാർഡ് നിവാസികളും കുടുംബശ്രീ യൂണിറ്റും ചേർന്ന് സമർപ്പിച്ച നിവേദനത്തിൽ ഇത്തിക്കര NH 47-ലെ പാലത്തിന്റേയും ഇത്തിക്കര ആയൂർ റോഡിലെ പാലത്തിന്റേയും സമീപത്ത് രാത്രിയിൽ നടക്കുന്ന വൻതോതിലുള്ള മണൽ ഖനനംമൂലം പാലത്തിനും പരിസരവാസികളുടെ വീടിനും വസ്തുവകകൾക്കും അപകടഭീഷണിയുള്ളതായി പരാതിപ്പെട്ടിരുന്നു. 10-1-2007-ലെ രാത്രി 10 മണിക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ മണൽ ഖനനം തടഞ്ഞപ്പോൾ മണൽ മാഫിയ സംഘങ്ങളും ഗുണ്ടകളും മാരകായുധങ്ങളുമായി ആക്രമിച്ച് വള്ളങ്ങൾ മോചിപ്പിച്ചുകൊണ്ട് പോയതായും ഇപ്പോഴും പഞ്ചായത്ത് പ്രസിഡന്റിനും പരിസരവാസികൾക്കും വധഭീക്ഷണി നിലനിൽക്കുകയാണെന്നും പറഞ്ഞിരുന്നു.

പരാതി റിപ്പോർട്ടിനായി റവന്യൂ, ഇറിഗേഷൻ, ആഭ്യന്തരം എന്നീ വകുപ്പുകൾക്കയച്ച് കൊടുത്തു. ആഭ്യന്തര (ഡി) വകുപ്പിൽ നിന്നും 37342/ഡി2/07/ആഭ്യ. തീയതി 1-1-2008 കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ചാത്തന്നൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ഇത്തിക്കരയാറ്റിൽ നിന്നും വർഷങ്ങളായി മണൽ ഖനനം ചെയ്തു വരുന്നു. ആറ്റിലെ മണൽ ലഭ്യത കുറഞ്ഞപ്പോൾ ആറിനോട് ചേർന്നുകിടക്കുന്ന പുരയിടങ്ങൾ മണലൂറ്റുകാർ വാങ്ങി പാസ് സമ്പാദിച്ചും അല്ലാതെയും . ചെളിയും മണലും ഖനനം ചെയ്തു വരുന്നതായും മണലൂറ്റ് നടക്കുന്ന വസ്തുവിന് സമീപമുള്ള വസ്തുവിന് മണ്ണിടിച്ചിൽ ഭീക്ഷണിയുള്ളതിനാൽ പോലീസിന് നിരവധി പരാതികൾ ലഭിച്ചിട്ടുള്ളതും പോലീസ് യഥാസമയം നടപടിയെടുത്തിട്ടുള്ളതുമാണെന്നും മണൽ ഖനനം നടത്തുന്നവർ ടി സ്ഥലവാസികളാണെന്നും പരിസരവാസികളുടെ പരാതിയെത്തുടർന്ന് പോലീസ് റെയ്ഡ് നടത്തിയിട്ടുള്ളതാണെന്നും പ്രദേശത്തെ മിക്ക വസ്തുക്കളിൽ നിന്നും മണലും ചെളിയും എടുക്കുന്നതിന് ജിയോളജി വകുപ്പിന്റെ പാസുള്ളതിനാൽ തുടർനടപടി സ്വീകരിക്കാൻ കഴിയാതെ വന്നിട്ടുള്ളതാണെന്നും നിയമാനുസൃതമല്ലാതെ കാണപ്പെടുന്ന

പ്രവർത്തനങ്ങൾക്കെതിരായി പോലീസ് കർശന നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും പരാമർശിച്ചിരുന്നു.

കൂടാതെ അനധികൃത മണലൂറ്റ് നിയന്ത്രിക്കുന്നതിനായി വസ്തു ഉടമകൾക്ക് നൽകിയിട്ടുള്ള പാസുകൾ പൂർണ്ണമായും നിരോധിക്കണമെന്നാവശ്യപ്പെട്ട് ജില്ലാ കളക്ടർ, ജിയോളജിസ്റ്റ് എന്നിവർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശങ്ങളിൽ 10/07-ൽ അനുവദിച്ചിട്ടുള്ള പെർമിറ്റ് പൂർണ്ണമായും റദ്ദ് ചെയ്തിട്ടുള്ളതും ഇപ്പോൾ ഘട്ടം ഘട്ടമായി പുനഃസ്ഥാപിച്ച് വരുന്നതുമാണ് എന്നും മണലൂറ്റിനുപയോഗിക്കുന്ന 45 മോട്ടോറുകളും 30 വള്ളങ്ങളും പോലീസ് പിടിച്ചെടുത്ത് നിയമനടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും 2007 കാലയളവിൽ മണൽ കടത്താനുപയോഗിച്ച 158 വാഹനങ്ങളും അനധികൃതമായി വാരി വില്പനയ്ക്കുവച്ചിരുന്ന 139 മണൽക്കൂനകളും പിടിച്ചെടുത്ത് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതും 15,000 രൂപ മുതൽ 25,000 രൂപ വരെ പിഴ ഈടാക്കിയിട്ടുള്ളതുമാണെന്നും 10-1-2007-ൽ ആദിച്ചനല്ലൂർ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ മണൽ ഖനനം തടയാൻ ശ്രമിക്കവെ സംഘർഷമുണ്ടാവുകയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് ദേഹോപദ്രവമേൽക്കുകയും ചെയ്തിട്ടുള്ളതാണെന്നും ഇതു സംബന്ധിച്ച് ചാത്തന്നൂർ PS Cr. 17/07/U/s 323, 294 (b),506 (ll)IPC പ്രകാരം മൂന്ന് പേരെ പ്രതികളാക്കി കേസ്സെടുത്തിട്ടുള്ളതും പ്രതികൾ കോടതിയിൽ നിന്നും ജാമ്യത്തിൽ പോയിട്ടുള്ളതാണെന്നും അറിയിക്കുകയുണ്ടായി.

തുടർന്ന് റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച മറുപടിയിൽ ഇത്തിക്കര പാലത്തിന് സമീപം അനധികൃത മണൽ ഖനനം നടത്തിയിരുന്ന എല്ലാ കടവുകളിലും രാത്രിയിലും പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും മുഴുവൻ സമയവും പോലീസ് പിക്കറ്റ് ഏർപ്പെടുത്തിയ ശേഷം കടവുകളിൽ ഒന്നും തന്നെ അനധികൃത മണൽ ഖനനം നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി ശക്തമായ പോലീസ് പട്രോളിംഗ് രാത്രിയിലും പകലും ഏർപ്പാട് ചെയ്തിട്ടുണ്ടെന്നും അനധികൃത മണൽ ഖനനത്തിനെതിരെ പോലീസ് ശക്തമായ നടപടി സ്വീകരിച്ചതിന്റെ ഫലമായി ചാത്തന്നൂരിൽ പോലീസ് സ്റ്റേഷനിൽ 2009-ൽ 171 ഉം, 2010-ൽ 254-ഉം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലിസിന്റെ ശക്തമായ സാന്നിദ്ധ്യംമൂലം ഇത്തിക്കര പാലത്തിനു സമീപത്തും മറ്റു കടവുകളിലും അനധികൃത മണൽ ഖനനം പൂർണ്ണമായും നിലച്ചിട്ടുണ്ടെന്നും പരാമർശിച്ചിരുന്നു.

അതോടൊപ്പം പരാതിക്കാസ്പദമായ സ്ഥലത്ത് നിന്നും നിലവിൽ മണൽ ഖനനങ്ങളൊന്നും തന്നെ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും അനധികൃത മണൽ ഖനനത്തിനെതിരായുള്ള റവന്യൂ, പോലീസ് സ്ക്വാഡ് പ്രവർത്തനങ്ങൾ ശക്തമായതോടെ പ്രസ്തുത ഭാഗത്ത് അനധികൃത മണൽ ഖനനം പൂർണ്ണമായും നിലച്ച സ്ഥിതിയിലാണെന്നും അനധികൃത മണൽ ഖനനം സംബന്ധിച്ച് നിലവിൽ പരാതികളൊന്നും തന്നെ ഇല്ലെന്നും അറിയിക്കുകയുണ്ടായി.

മേല്പറഞ്ഞ സർക്കാർ മറുപടികൾ ഹർജിക്കാരനെ അറിയിക്കുകയുണ്ടായെങ്കിലും പ്രതികരണം ഒന്നും ഉണ്ടായിട്ടില്ല. അതിൽ നിന്നും ഹർജിയിലൂടെ ഉന്നയിക്കപ്പെട്ടിരുന്ന വിഷയത്തിന് പരിഹാരം ഉണ്ടായതായി സമിതി കരുതുന്നു.

11. ഇടവയിൽ അനധികൃത മണൽ ഖനനവും ഭൂമി കയ്യേറ്റവും സംബന്ധിച്ച് ശ്രീ. കെ. എം. അജീർകുട്ടി, മാങ്കൂട്ടം തൊടി, ഇടവ സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 984/പരിസ്ഥിതി3/2007/നി.സെ.)

തിരുവനന്തപുരം ജില്ലയുടെ വടക്കുപടിഞ്ഞാറ് ഭാഗത്തായും കൊല്ലം ജില്ലയുടെ അതിർത്തിയിലും സ്ഥിതി ചെയ്യുന്ന തീരദേശ ഗ്രാമമായ ഇടവയിലെ കുടിവെള്ള ആവശ്യത്തിന്റെ മൂന്നിലൊന്ന് നിറവേറ്റുന്നത് ഇടവ-നടയറ കായലാണെന്നും വില്ലേജിന്റെ കുടിവെള്ള ആവശ്യം നിറവേറ്റുന്ന കുളങ്ങൾ, അരുവികൾ തുടങ്ങിയവയും വില്ലേജിലെ നെൽപ്പാടങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണെന്നും ചെറുതും വലുതുമായ പല പാടങ്ങളും സ്കൂൾ, സ്റ്റേഡിയം, വീട് എന്നിവയുടെ നിർമ്മാണത്തിനായി നികത്തിക്കൊണ്ടിരിക്കുകയാണെന്നും പരാതിയിൽ പരാമർശിച്ചിരുന്നു.

ഇടവ-നടയറ കായലിന്റെ തെക്കുഭാഗത്തായി സംഭവിക്കുന്ന വീതി കുറയൽ അടിയന്തര ശ്രദ്ധ പതിയേണ്ടതായ വിഷയമാണെന്നും അനധികൃത മണൽ വാരൽമൂലം തിരുവനന്തപുരം-കൊല്ലം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലത്തിന്റെ തൂണുകളുടെ ബലക്ഷയം, കണ്ടൽകാടുകളുടെ നാശം എന്നിവ കൂടാതെ തദ്ദേശവാസികളും മണലുവാരലുകാരും ലോക്കൽ പോലീസും തമ്മിലുള്ള ഏറ്റുമുട്ടൽ സമാധാനാന്തരീക്ഷത്തിന് കോട്ടമുണ്ടാക്കുന്നതായും പരാതിയിൽ പറഞ്ഞിരുന്നു. കൂടാതെ പ്രസ്തുത ഭാഗത്തുള്ള ഗവൺമെന്റ് സ്ഥലം കയ്യേറി രണ്ട് യുവാക്കളുടെ ഓർമ്മയ്ക്കായി പാർക്ക് നിർമ്മിച്ചുവരുന്നതായും വിദേശ ടൂറിസ്റ്റുകളെ ലക്ഷ്യമാക്കിക്കൊണ്ട് പൊതുസ്ഥലം കയ്യേറി അനധികൃത റിസോർട്ട് നിർമ്മാണം നടന്നതായും പരാതിയിൽ ആരോപിച്ചിരുന്നു.

പരാതി റിപ്പോർട്ടിനായി റവന്യൂ, തദ്ദേശസ്വയംഭരണം, പരിസ്ഥിതി എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്തതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് 15-12-2007-ലെ 28202/ഡിഎ 3/2007/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ഇടവ ഗ്രാമപഞ്ചായത്തിൽ വെറ്റക്കട ഭാഗത്ത് കടലിന് സമാന്തരമായി കിടക്കുന്ന കായൽ ഭാഗത്ത് മണലൂറ്റ് വ്യാപകമായി നടന്നിരുന്നത് പോലീസ് അധികൃതരുടെ ഇടപെടൽമൂലം കുറഞ്ഞിട്ടുണ്ടെന്നും, എങ്കിലും ഒറ്റപ്പെട്ട രീതിയിൽ അസമയത്ത് മണൽ ഖനനം നടക്കുന്നതായും പരാതിയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം വയലുകൾ നികത്തിയുള്ള നിർമ്മാണപ്രവർത്തനങ്ങളും പൊതുസ്ഥലം കയ്യേറിയുള്ള നിർമ്മാണപ്രവർത്തനങ്ങളും നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത പ്രദേശങ്ങളിൽ ജനകീയ കൂട്ടായ്മകൾ

സംഘടിപ്പിച്ച് അനധികൃത നിർമ്മാണപ്രവർത്തനങ്ങളും അനധികൃത മണൽ ഖനനവും മാലിന്യങ്ങൾ വലിച്ചെറിയുന്നതും തടയുന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി ഉറപ്പ് നൽകിയതായും അറിയിച്ചിരുന്നു.

തുടർന്ന് ഇടവ വെറ്റക്കട ഭാഗത്ത് പുറമ്പോക്ക് ഭൂമിയിൽ പണിതിട്ടുള്ള പാർക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളതും പ്രസ്തുത ഭൂമി ഗ്രാമപഞ്ചായത്തിന്റെ പേരിൽ കൈമാറ്റം ചെയ്ത് ലഭിക്കുന്നതിന് നടപടി കൈക്കൊള്ളുന്നതാണെന്നും വെറ്റക്കട ഭാഗത്ത് കടലിനും കായലിനും ഇടയിലുള്ള പുറമ്പോക്ക് ഭാഗവും പാർക്ക് സ്ഥിതി ചെയ്യുന്ന സ്ഥലവും ചേർത്ത് ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിലുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയാൽ ആ പ്രദേശത്തുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും അനധികൃത മണൽ ഖനനവും തടയുന്നതിനും ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും കഴിയും എന്നും റിപ്പോർട്ട് ചെയ്തിരുന്നു.

കൂടാതെ വെറ്റക്കടയിലും, മറ്റ് പ്രദേശങ്ങളിലും നടക്കുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ, മണൽ ഖനനം, കയ്യേറ്റം എന്നിവ സംബന്ധിച്ചും, അൻസിൽ ആന്റ് മനോജ് മെമ്മോറിയൽ പാർക്കിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന്റെ പേരിലേക്ക് മാറ്റുന്നത് സംബന്ധിച്ചുമുള്ള വിഷയങ്ങൾ 14-11-2007-ൽ കൂടിയ ഇടവ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും VII(8), VII(9), VII(10) എന്നീ നമ്പരുകളിലായി തീരുമാനങ്ങൾ എടുക്കുകയും പ്രസ്തുത തീരുമാനങ്ങൾ അറിവിനും, അനന്തര നടപടികൾക്കുമായി വർക്കല പോലീസ് സർക്കിൾ ഇൻസ്പെക്ടർ, ചിറയിൻകീഴ് താലൂക്ക് തഹസിൽദാർ, സെന്റർ ഫോർ എർത്ത് സയൻസ് ആന്റ് സ്റ്റഡീസ് (സെസ്സ്) ഡയറക്ടർ, തിരുവനന്തപുരം ജില്ലാ കളക്ടർ എന്നിവർക്ക് 28-11-2007-ൽ അയച്ചുകൊടുത്തിട്ടുള്ളതായും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി റവന്യൂ വകുപ്പിൽ നിന്നും അടിയന്തരമായി റിപ്പോർട്ട് ആവശ്യപ്പെടുവാൻ നിർദ്ദേശിച്ചിരുന്നു. ഈ വിഷയത്തിന്മേൽ റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളാണ് നടപടി സ്വീകരിക്കേണ്ടതെന്ന് പരിസ്ഥിതി വകുപ്പ് അറിയിച്ചിരുന്നു.

നിവേദനത്തിന്മേൽ വനം വന്യജീവി വകുപ്പ് 31-12-2010-ലെ 8584/സി2/2007/വനം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ നെൽവയലുകളും കായലും പരന്ന് കിടന്ന ഇടവയിൽ ഇപ്പോൾ വളരെയധികം സ്ഥലങ്ങൾ കെട്ടിടങ്ങൾ, സ്റ്റേഡിയം, റിസോർട്ടുകൾ മുതലായവകൊണ്ട് നിറഞ്ഞിരിക്കുകയാണെന്നും കായൽ പ്രദേശം കയ്യേറി നികത്തി ചിലർ സ്മാരകം പണിയുവാൻ ശ്രമിച്ചിരുന്നുവെന്നും എന്നാൽ ഇപ്പോൾ ഈ നിർമ്മാണം നിർത്തിവെച്ചിരിക്കുകയാണെന്നും സർക്കാർ ഭൂമി കയ്യേറി

കടൽതീരത്തിനരികിലായി അനധികൃതമായി അനേകം കുടിലുകൾ നിർമ്മിച്ചിട്ടുണ്ടെന്നും ഇതിൽ ചില കുടിലുകൾ നിർമ്മിച്ചിരിക്കുന്നത് ഇഷ്ടികയിലാണെന്നും കടൽത്തീരത്തിനടുത്തുള്ള സ്ഥലം പിടിച്ചെടുക്കണമെന്ന ഉദ്ദേശത്തോട് കൂടിയാണ് ഈ കുടിലുകൾ നിർമ്മിക്കുന്നതെന്നും വർക്കല, ഇടവ മേഖലയിലെ മിക്കപ്രദേശങ്ങളും പാരിസ്ഥിതിക ദുർബല പ്രദേശമായതിനാൽ അടിയന്തരമായി നെൽവയൽ തിരിച്ചെടുക്കേണ്ടതും സർക്കാർ ഭൂമി കയ്യേറുന്നത് നിർത്തലാക്കേണ്ടതാണെന്നും ഇതിനായുള്ള നടപടികൾ റവന്യൂ വകുപ്പ് തലത്തിൽ ജില്ലാ കളക്ടറാണ് സ്വീകരിക്കേണ്ടതെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

അനധികൃത മണൽവാരലാണ് ഇടവ കായലുകളും നദികളും നേരിടുന്ന മറ്റൊരു പ്രധാനപ്പെട്ട ഭീഷണിയെന്നും തദ്ദേശവാസികളെ ഭീഷണിപ്പെടുത്തി പ്രാദേശിക നേതാക്കളുടെയും പോലീസ് ഉദ്യോഗസ്ഥരുടെയും ഒത്താശയോടെ ഒരു ശക്തമായ ലോബി ഇവിടെ നിന്നും മണൽ വാരുന്നുണ്ടെന്നും ഇടവ-നടയറ കായലിന്റെ പല ഭാഗങ്ങളിലെയും മണ്ണൊലിപ്പുമൂലം കായൽ തന്നെ രണ്ട് ഭാഗമായി വേർപ്പെട്ടിട്ടുണ്ടെന്നും മണൽ വാരൽ തുടരുകയാണെങ്കിൽ ഇത് തിരുവനന്തപുരം-കൊല്ലം ജില്ലകളെ ബന്ധിപ്പിക്കുന്ന പാലത്തിനേയും ദോഷകരമായി ബാധിക്കുമെന്നും നദീതടത്തിലും കടൽകരയിലും മണ്ണൊലിപ്പിന് കാരണമാകുമെന്നതിനാൽ ഈ പ്രദേശത്ത് അനധികൃത മണൽ വാരൽ തടയുന്നതിന് അടിയന്തര നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രാദേശിക ഭരണ സംവിധാനംവഴി സ്വീകരിക്കേണ്ടതാണെന്നും മറുപടി നൽകി.

പരാതിയിൽ പറഞ്ഞിരിക്കുന്നത് പോലെ വലിയ അളവിൽ കണ്ടൽക്കാട് നശീകരണം ഈ പ്രദേശത്ത് കാണുന്നില്ലെന്നും ഗവൺമെന്റ് വക. പുറമ്പോക്ക് ഭൂമിയിലും കായൽതീരത്തും ചെറിയ തോതിലുള്ള കണ്ടൽക്കാടുകൾ നിലനിൽക്കുന്നുണ്ടെന്നും ഈ സസ്യവിഭാഗം നിലനിൽക്കേണ്ടത് ഈ പ്രദേശത്തെ മണ്ണൊലിപ്പ് തടയുന്നതിനും വരമ്പുകൾ സംരക്ഷിക്കുന്നതിനും അത്യാവശ്യമാണെന്നും കൂടാതെ തിരുവനന്തപുരം ജില്ലയിലെ തീരദേശ പ്രദേശത്തെ കണ്ടൽക്കാടുകളെക്കുറിച്ച് സർവ്വേ നടത്തി പൂർണ്ണമായ തോതിൽ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കെ.സി.ഇസഡ്.എം.എ.യും പരിസ്ഥിതി വകുപ്പും ചേർന്ന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിച്ചു.

ഇടവയിലെ റോഡിനരികിലുള്ള ചില പ്രദേശങ്ങളിൽ മാലിന്യ വസ്തുക്കളുടെയും ഉച്ഛിഷ്ടങ്ങളുടെയും കൂമ്പാരങ്ങൾ കാണാവുന്നതാണെന്നും മാലിന്യ വസ്തുക്കളും ഉച്ഛിഷ്ടങ്ങളും സർക്കാർ ഭൂമിയിലോ മറ്റ് പ്രദേശങ്ങളിലോ കുന്നുകൂട്ടിയിടുന്നത് നിർത്തലാക്കാൻ ഗ്രാമപഞ്ചായത്ത് അധികൃതർക്ക് അടിയന്തര നിർദ്ദേശം നൽകാവുന്നതാണെന്നും ഈ

പ്രദേശത്ത് വർദ്ധിച്ചുവരുന്ന സഞ്ചാരികളുടെ ബാഹുല്യം കണക്കിലെടുത്ത് "കൊച്ചുകായലും" അതിനുചുറ്റുമുള്ള സ്ഥലവും സംരക്ഷിക്കുകയും ഒപ്പം അവിടെ കുട്ടികൾക്കായി ഒരു നീന്തൽക്കുളം നിർമ്മിക്കാവുന്നതുമാണെന്നും ഇത് റവന്യൂ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി തീരുമാനമെടുക്കേണ്ട വിഷയമാണെന്നും വനം വന്യജീവി വകുപ്പ് അറിയിച്ചിരുന്നു.

ശ്രീ. അജീർകുട്ടി ഉന്നയിച്ചിട്ടുള്ള വിവിധ വിഷയങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രാദേശിക ഭരണ സംവിധാനം വഴിയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഇങ്ങനെയൊരു സംവിധാനം വരുമ്പോൾ കണ്ടൽക്കാടുകളുടെ സംരക്ഷണം സംബന്ധിച്ച് വനം വകുപ്പിന്റെ അഭിപ്രായവും തേടി പ്രശ്നപരിഹാരം കാണാവുന്നതാണെന്നും അറിയിച്ചിരുന്നു.

നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ചതിനെത്തുടർന്ന് റവന്യൂ വകുപ്പ് 7-9-2013-ലെ 37114/പി3/2007/റവന്യൂ നമ്പരായി ലഭ്യമാക്കിയ റിപ്പോർട്ടിൽ ഇടവ വില്ലേജ് തിരുവനന്തപുരം ജില്ലയിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും നിവേദനത്തിൽ പറയുന്ന ഇടവാ-നടയറ കായൽ ഇടവ വില്ലേജിൽ ഉൾപ്പെട്ടുവരുന്നുണ്ടെങ്കിലും ഭൂരിപക്ഷം പ്രദേശവും കൊല്ലം ജില്ലയിൽ ഉൾപ്പെടുന്നുവെന്നും ജില്ലാ അതിർത്തിയിലെ കായലുകളുടെ സംരക്ഷണത്തിനും ടി കായലുകളിലെ അനധികൃത മണൽ ഖനനം തടയുന്നതിനും രണ്ട് ജില്ലകളിലെയും റവന്യൂ, പോലീസ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്നും ഹർജിയിൽ സൂചിപ്പിക്കുന്ന കൊച്ചുകായൽ തുടങ്ങിയ പ്രദേശങ്ങളിലെ അനധികൃത മണൽ ഖനനവും കടത്തും തടയുന്നതിന് ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സ്ഥിരമായി സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ടെന്നും, കൂടാതെ ജില്ലയിലെ നെൽവയലുകളുടെ സംരക്ഷണത്തിനും അനധികൃതമായ നെൽവയൽ നികത്തലിനെതിരെയും റവന്യൂ, പോലീസ്, വിജിലൻസ് എന്നീ വകുപ്പുകൾ ഏകോപിപ്പിച്ചും പ്രവർത്തനം നടത്തി വരുന്നു എന്നും ഇടവ വില്ലേജിൽ ഉൾപ്പെട്ട കാപ്പിൽ എന്ന സ്ഥലത്ത് മുമ്പ് അനധികൃത മണൽ ഖനനം നടന്നിട്ടുള്ളതായും മണൽ പിടിച്ചെടുത്ത് നിർമ്മിതി കേന്ദ്രത്തിന് കൈമാറിയിട്ടുള്ളതായും നിലവിൽ അനധികൃത മണൽ ഖനനം നടക്കുന്നതായി പരാതികളൊന്നും ലഭ്യമല്ലെന്നും മണൽ ഖനനം നടത്തി വരുന്ന കാപ്പിൽ കടവ് പോലീസിന്റെ നിരീക്ഷണത്തിലാണെന്നും അറിയിച്ചിരുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ പരാതിക്കാരനെ അറിയിച്ചുവെങ്കിലും പ്രതികരണം ഉണ്ടായില്ല. എന്നിരുന്നാലും സമിതിയുടെ ഇടപെടൽമൂലം പരാതിയിൽ ഉന്നയിച്ചിരിക്കുന്ന വിവിധ പാരിസ്ഥിതിക വിഷയങ്ങളിൽ സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പരിഹാര നടപടികൾക്ക് തുടക്കം കുറിക്കുവാൻ കഴിഞ്ഞതിൽ സമിതിക്ക് അഭിമാനമുണ്ട്.

12. വയനാട് ജില്ലയിൽ പടിഞ്ഞാറെത്തറയിലെ നരിപ്പാറയിൽ പ്രവർത്തിക്കുന്ന അത്താണി കരിങ്കൽ ക്വാറിയുടെയും ക്രഷറിന്റെയും പ്രവർത്തനങ്ങൾമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് ശ്രീ. പി. വി. ചാക്കോ, വയനാട് സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 3171/പരിസ്ഥിതി1/2007/ നി.സെ.)

വയനാട് ജില്ലയിലെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ ബാണാസുര മലയും ഏഷ്യയിലെ ഏറ്റവും വലിയ എർത്ത് ഡാമായ ബാണാസുരസാഗർ അണക്കെട്ടിനും നാശം സംഭവിക്കുന്ന തരത്തിൽ പടിഞ്ഞാറെത്തറ മുതൽ നിരവിൽപുഴ വരെ നീളുന്ന ബാണാസുര മലയിലും താഴ്വരകളിലുമായി പ്രവർത്തിക്കുന്ന നരിപ്പാറ, അത്താണി കരിങ്കൽ ക്വാറികളുടെയും ക്രഷർ യൂണിറ്റിന്റെയും പ്രവർത്തനം നിർത്തിവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടാണ് ഹർജി സമർപ്പിച്ചത്. നിവേദനത്തിന്മേൽ റവന്യൂ, തദ്ദേശസ്വയംഭരണം, വ്യവസായം (മൈനിംഗ് & ജിയോളജി) എന്നീ വകുപ്പുകൾ റിപ്പോർട്ടുകൾ ലഭ്യമാക്കുകയുണ്ടായി.

വൈത്തിരി താലൂക്കിൽ പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്തിലെ അത്താണി കരിങ്കൽ ക്വാറിയുടെയും ക്രഷറിന്റെയും പ്രവർത്തനം പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് കണ്ടെത്തിയതിനെ തുടർന്ന് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ടെന്നും പ്രസ്തുത ക്വാറിയും ക്രഷറും ഇപ്പോൾ പ്രവർത്തിക്കുന്നില്ലായെന്നും അത്താണി ബ്രിക്സ് ആന്റ് മെറ്റൽസിന്റെ ഉടമസ്ഥതയിലുള്ള പടിഞ്ഞാറെത്തറ വില്ലേജിലെ സർവ്വേ നമ്പർ 1/3-ൽപ്പെട്ട കരിങ്കൽ ക്വാറിയുടെ പ്രവർത്തനം സമീപവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും വീര്യം കൂടിയ മരുന്നുപയോഗിച്ച് കരിങ്കൽ ഖനനം നടത്തുന്നതിനാൽ സമീപത്തെ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുള്ളതായി സ്ഥലപരിശോധനയിൽ കണ്ടെത്തിയതായും കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് ക്വാറി ഉടമയിൽ നിന്നും നിയമാനുസരണം നഷ്ടപരിഹാരം ഈടാക്കി നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും റവന്യൂ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത കരിങ്കൽ ക്വാറിയും ക്രഷറും പഞ്ചായത്ത് ലൈസൻസ് ലഭിക്കാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്നില്ലായെന്ന് വ്യവസായം (മൈനിംഗ് & ജിയോളജി), തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകളിലൂടെ സമിതിയെ അറിയിക്കുകയുണ്ടായി.

13. പരിസ്ഥിതി സംബന്ധിച്ച സമിതി (2006-2009)-വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ പഞ്ചായത്തിലെ അത്താണി ക്രഷറും ക്വാറിയുംമൂലമുള്ള ദുരിതം സംബന്ധിച്ച് നരിപ്പാറ സർവ്വകക്ഷി ആക്ഷൻ കമ്മിറ്റി കൺവീനർ സമർപ്പിച്ച അപേക്ഷ

(ഫയൽ നമ്പർ 3824/പരിസ്ഥിതി 3/08/നി.സെ.)

വയനാട് പടിഞ്ഞാറെത്തറ പഞ്ചായത്തിൽ നരിപ്പാറ, നരിക്കൊല്ലി പ്രദേശവാസികൾക്കുവേണ്ടി നരിപ്പാറ സർവ്വകക്ഷി ആക്ഷൻ കമ്മിറ്റി കൺവീനർ സമർപ്പിച്ച പരാതിയിൽ പടിഞ്ഞാറെത്തറ പഞ്ചായത്തിലെ അത്താണി ക്രഷറും ക്വാറിയുംമൂലം ജനങ്ങൾ അനുഭവിക്കുന്ന ദുരിതമാണ് പരാമർശിച്ചിരുന്നത്. പ്രദേശവാസികളുടെയും ജനപ്രതിനിധികളുടെയും ആവശ്യമനുസരിച്ച് നരിക്കൊല്ലി നരിപ്പാറ അത്താണി ക്വാറി ഉൾപ്പെടുന്ന മലനിരകൾ ശാസ്ത്രീയമായി പഠന വിധേയമാക്കുന്നതിന് പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്ത് അധികൃതർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സെസ്സ് നടത്തിയ പഠനത്തിൽ അത്താണി ക്വാറി യാതൊരു കാരണവശാലും പ്രവർത്തിക്കുവാൻ പാടില്ലായെന്ന് കണ്ടെത്തിയതായി പരാതിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. ആയതിനാൽ പ്രദേശവാസികൾക്കും പരിസ്ഥിതിക്കും ഭീഷണിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അത്താണി ക്വാറിയും ക്രഷറും അടച്ചുപൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും പരാതിയിൽ ആവശ്യപ്പെട്ടിരുന്നു. ആയതിന്മേൽ പരിസ്ഥിതി വകുപ്പ് 29-9-2009-ലെ കത്ത് മുഖേന സെസ്സ് നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് സമിതി ലഭ്യമാക്കുകയുണ്ടായി. 26-8-2009-ലെ സമിതി തെളിവെടുപ്പുയോഗ നിർദ്ദേശപ്രകാരം പ്രസ്തുത റിപ്പോർട്ടിന്റെ പ്രതി സംസ്ഥാന മലിനീകരണ ബോർഡിനും പരിസ്ഥിതി വകുപ്പിനും നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്കായി അയച്ചുകൊടുക്കുകയുണ്ടായി.

പരിസ്ഥിതി വകുപ്പ് 3-3-2012-ലെ 19009/എ്3/08/പരി. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ വയനാട് ജില്ലയുടെ പടിഞ്ഞാറെത്തറ അത്താണി ക്രഷറും, ക്വാറിയും അടച്ചുപൂട്ടണമെന്നുള്ള ഹർജിയിന്മേൽ, 'സെസ്സ്' മുഖേന നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് 29-9-2009-ൽ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ അഭിപ്രായം അറിയിക്കുന്നതിനായി അയച്ച് കൊടുത്തതിന്മേൽ ഇതുവരെ മറുപടി ലഭിച്ചിട്ടില്ലെന്നും വയനാട് ജില്ലയിൽ ഉൾപ്പെടെ സംസ്ഥാനത്ത് ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച് ഉണ്ടായിട്ടുള്ള പ്രശ്നങ്ങളും, കോടതിവിധികളും കണക്കിലെടുത്ത് അക്കാര്യങ്ങളിൽ പൊതുവായ തീരുമാനം ഉണ്ടാക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണെന്നും പാറമടകളുടെയും, മെറ്റൽ ക്രഷർ യൂണിറ്റുകളുടെയും പ്രവർത്തനം സുതാര്യമാക്കുന്നതിനും, അപകടരഹിതമാക്കുന്നതിനുമായി സർക്കാർ വിവിധതലങ്ങളിൽ ചർച്ചകൾ നടത്തുകയും, തുടർന്ന് ഈ വിഷയങ്ങളിൽ സമഗ്രമായ ഒരു നയം രൂപീകരിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതി രൂപീകരിച്ചുകൊണ്ട് 14-2-2012-ൽ ജി.ഒ.(ആർറ്റി.) 249/2012/വ്യവസായം എന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

പാറമടകളും, ക്രഷർ യൂണിറ്റുകളുംമൂലം സംജാതമാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ട വിശദമായ നിർദ്ദേശങ്ങളും, 'സെസ്സ്'റിപ്പോർട്ട് ഉൾപ്പെടെയുള്ള വിദഗ്ദ്ധ റിപ്പോർട്ടുകളിലെ ശിപാർശകളും ടി സമിതിയുടെ പരിഗണനയ്ക്കും

മേൽനടപടിക്കുമായി വ്യവസായ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടെന്നും പ്രസ്തുത സമിതി മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

അത്താണിയിലെ ക്വാറി, ക്രഷർ യൂണിറ്റുകൾമൂലമുള്ള ദുരിതം സംബന്ധിച്ച് നരിപ്പാറ സർവ്വകക്ഷി ആക്ഷൻ കമ്മിറ്റി കൺവീനർ സമർപ്പിച്ച നിവേദനത്തിന്മേൽ സെസ്സ് ഡയറക്ടർ ലഭ്യമാക്കിയ പഠന റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുന്നതിന് ആയതിന്റെ പകർപ്പുകൾ, വയനാട് ജില്ലാ കളക്ടർ, വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് അയച്ച് കൊടുത്തിട്ടുള്ളതായും, അതിന്മേൽ ജില്ലാ കളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ അത്താണി ബ്രിക്സ് ആന്റ് മെറ്റൽസ് എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ള മൈനിംഗ് ലീസ് അടിയന്തരമായി റദ്ദാക്കണമെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുള്ളതായും, മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി അവസാനിച്ചതിനാൽ യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവയ്ക്കണമെന്ന് നോട്ടീസ് നൽകിയിട്ടുള്ളതായി 'സെസ്സ്' റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കേണ്ടത് ജില്ലാ ഭരണകൂടമാണ് എന്നും തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 9-10-2013-ലെ സമിതിയോഗം പരിഗണിക്കുകയും റിപ്പോർട്ട് വിവരം പരാതിക്കാരനെ അറിയിച്ച് പ്രതികരണം ആരായുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതിൻപ്രകാരം റിപ്പോർട്ട് വിവരം പരാതിക്കാരനെ അറിയിച്ചുവെങ്കിലും പ്രതികരണമൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പ്രശ്നത്തിന് പരിഹാരമുണ്ടായതായി സമിതി കരുതുന്നു.

14. നീർകാക്കകളെ വെടിവച്ച് കൊല്ലുവാൻ കൊല്ലം ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗീകരിച്ച പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വി. എസ്. സുനിൽ കുമാർ, എം.എൽ.എ. സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 4343/പരി2/09/നി.സെ.)

ഇൻഡ്യൻ വൈൽഡ്ലൈഫ് പ്രൊട്ടക്ഷൻ ആക്ട് പ്രകാരം സംരക്ഷിത പട്ടികയിൽപ്പെട്ട 40 ഇനം പറവകളിൽ ഉൾപ്പെട്ടതും വംശനാശ ഭീഷണി നേരിടുന്നതുമായ നീർകാക്കകളെ കൊല്ലുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കുവാനെന്ന പേരിൽ പതിനായിരക്കണക്കിന് നീർകാക്കകളെ വെടിവച്ച് കൊല്ലുന്നതിന് പരിശീലനം നൽകുന്നതിനും കൊല്ലുന്ന നീർകാക്ക ഒന്നിന് അഞ്ച് രൂപ പ്രകാരം പ്രതിഫലം നൽകുന്നതിനും കൊല്ലം ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗീകരിച്ച പദ്ധതിയിൽ

പറയുന്നതായും ജില്ലാ കളക്ടർ ഉൾപ്പെടെ ഉന്നത സർക്കാർ ഉദ്യോഗസ്ഥരടങ്ങുന്ന ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ പ്രസ്തുത പദ്ധതിയിൽ ക്രൂരമായ പരിസ്ഥിതി നാശം ഉണ്ടാക്കുന്ന ഇത്തരം പ്രവർത്തികൾ അംഗീകരിച്ചതിനാൽ, ആയതിനെക്കുറിച്ച് അന്വേഷിക്കണമെന്നും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നുമാണ് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്.

ഹർജിയിന്മേൽ തദ്ദേശസ്വയംഭരണം, മത്സ്യബന്ധനവും തുറമുഖവും, വനം-വന്യജീവി എന്നീ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയതിന് വനം-വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ IV-ൽപ്പെടുന്ന വന്യജീവിയായ നീർകാക്കയെ കൊല്ലുന്നത് പ്രസ്തുത നിയമപ്രകാരം 3 വർഷം തടവിനോ 25,000 രൂപവരെ പിഴയോ ശിക്ഷയായി ലഭിക്കാവുന്ന കുറ്റകൃത്യമാണെന്നും കൊല്ലം ജില്ലാ സമഗ്രവികസന മാസ്റ്റർ പ്ലാൻ അനുസരിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരുലക്ഷത്തോളം വരുന്ന നീർകാക്കകളെ കൊന്നൊടുക്കുവാനുള്ള തീരുമാനത്തിനെതിരെ നടപടി കൈക്കൊള്ളണമെന്നാവശ്യപ്പെട്ട് ലഭിച്ച നിവേദനങ്ങളിന്മേൽ നീർകാക്കകളെ കൊല്ലുന്നത് 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം കുറ്റകരമാണെന്നും ടി കുറ്റകൃത്യത്തിന് 3 വർഷം വരെ തടവോ 25,000 രൂപവരെ പിഴയോ ശിക്ഷയായി ലഭിക്കാവുന്നതാണെന്നും കൊല്ലം ജില്ലാ കളക്ടറെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ ഈ വിഷയത്തിൽ മേൽ നടപടികൾ ആവശ്യമില്ല എന്നും അറിയിച്ചിരുന്നു. തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ കൊല്ലം ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഐ.ഡി.ഡി.പി.യുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന നീർകാക്കകളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള മുൻനിർദ്ദേശം ഒഴിവാക്കി പകരം നീർകാക്കകൾക്ക് മത്സ്യസമ്പത്തിന്റെ ശോഷണത്തിൽ ഉള്ള പങ്കിനെപ്പറ്റി പഠനം നടത്താൻ ഫിഷറീസ് മേഖലയിലെ സ്പെഷ്യൽ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ കരട് നിർദ്ദേശം 18-1-2010-ൽ കൂടിയ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചിട്ടുള്ള വിവരം കൊല്ലം ജില്ലാപഞ്ചായത്ത് സെക്രട്ടറി സർക്കാരിന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തിരുന്നു.

കൂടാതെ 4-5-2011-ലെ കത്ത് മുഖേന മത്സ്യബന്ധന തുറമുഖ വകുപ്പ് ഹർജിയിന്മേൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഒരു ജില്ലയിലെ എല്ലാ വികസന മേഖലകളെയും സമന്വയിപ്പിച്ചുകൊണ്ട് അടുത്ത 15 വർഷത്തേക്ക് ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുന്ന വിവിധ പദ്ധതി നിർദ്ദേശങ്ങളിലൂടെ ഒരു ക്രോഡീകൃത വിവരണം "സംയോജിത ജില്ലാ വികസന പദ്ധതി" (IDDP) എന്ന പേരിൽ രാജ്യത്താദ്യമായി കൊല്ലം ജില്ലയിൽ

രൂപപ്പെടുത്തുകയുണ്ടായെന്നും ജില്ലയിൽ പ്രവർത്തിക്കുന്ന 18 വികസന വകുപ്പുകൾ വിവിധ പഠനങ്ങൾക്കുശേഷം ആകെ 656 റിപ്പോർട്ട് പ്രൊപ്പോസലുകൾ തയ്യാറാക്കി നൽകിയിട്ടുണ്ടെന്നും ഇതിൽ മത്സ്യ വകുപ്പിന്റേതായി 120 പദ്ധതി നിർദ്ദേശങ്ങൾ ഉണ്ടെന്നും അറിയിച്ചിരുന്നു. തുടർന്ന് ജലവിഭവ സംരക്ഷണത്തിന് മുൻതൂക്കം നൽകിക്കൊണ്ട് മത്സ്യകൃഷി മേഖലയുടെ സമഗ്ര പുഷ്ടിപ്പെടുത്തലിനും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക-സാമ്പത്തിക പുരോഗതിക്ക് വഴിയൊരുക്കുന്നതിനും ഉതകുന്ന വിധത്തിലുള്ള പദ്ധതി നിർദ്ദേശങ്ങളാണ് മത്സ്യമേഖലാ വികസന നയത്തിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് സമർപ്പിച്ചതെന്നും ഈ 120 പദ്ധതി നിർദ്ദേശങ്ങളും കേവലം നിർദ്ദേശം മാത്രമാണെന്നും മത്സ്യമേഖലാ സാങ്കേതിക ഉപദേശക സമിതി IDDP യിലേക്ക് സമർപ്പിച്ച 120 പദ്ധതി നിർദ്ദേശങ്ങളിൽ ഒന്ന് മാത്രമാണ് നീർകാക്കകളുടെ എണ്ണം നിയന്ത്രിക്കുകയെന്നത് എന്നും ഇപ്പോഴുള്ള നീർകാക്കകളുടെ എണ്ണം 30% കണ്ട് കുറയ്ക്കുകയെന്നതാണ് ഈ നിർദ്ദേശത്തിലുള്ളതെന്നും അല്ലാതെ വംശത്തെ പൂർണ്ണമായി ഉന്മൂലനം ചെയ്യുകയെന്നതല്ലെന്നും മത്സ്യബന്ധന തുറമുഖ വകുപ്പ് അറിയിച്ചിരുന്നു.

ജില്ലയിലെ പ്രധാന ജലാശയമായ അഷ്ടമുടി കായലിൽ പ്രൊഫ. രാമാനുജന്റെ നേതൃത്വത്തിൽ നടത്തിയ പഠനത്തിൽ 97 ഇനം മത്സ്യങ്ങളെ കണ്ടെത്തിയിട്ടുണ്ടെന്നും 2002-ൽ ന്യൂസ്‌ലാന്റ് ഗവൺമെന്റിന്റെ സഹകരണത്തോടെ CESS നടത്തിയ പഠനത്തിൽ കേവലം 57 ഇനം മത്സ്യങ്ങളെ മാത്രമേ കണ്ടെത്താൻ സാധിച്ചുള്ളൂവെന്നും 2007-ൽ ദേശീയ ശാസ്ത്ര കോൺഗ്രസ്സിൽ അവതരിപ്പിക്കുന്നതിനായി നടത്തിയ പഠനത്തിൽ 36 ഇനം മത്സ്യങ്ങളെ മാത്രമാണ് കണ്ടെത്താനായതെന്നും മത്സ്യസമ്പത്തിന്റെ നശീകരണത്തിന് നീർകാക്കകളുടെ പങ്ക് നിസ്സാരമല്ലെന്നും ആകാശത്തിലും, വെള്ളത്തിൽ പൊങ്ങിക്കിടന്നും, മുങ്ങി കിടന്നും സഞ്ചരിച്ച് ജീവിക്കുന്ന നീർകാക്കയുടെ ആഹാരം മത്സ്യങ്ങൾ മാത്രമാണെന്നും പ്രകൃതിയിൽ ഇവയെ കൊന്നൊടുക്കുന്ന ശത്രു ജീവികൾ ഒന്നുമില്ലെന്നും രോഗംമൂലമുള്ള നശീകരണവും കുറവാണെന്നും മുൻകാലത്തെ അപേക്ഷിച്ച് ഇതിന്റെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണെന്നും ചെളിയുടെ ഇടയിൽ പതുങ്ങി രക്ഷപ്പെടാൻ ശ്രമിക്കുന്ന മത്സ്യങ്ങളെവരെ ഇവ ഭക്ഷിക്കുന്നുവെന്നും ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമപ്രകാരം നീർകാക്കയും "Wet land birds" സംരക്ഷിത ഗണത്തിൽ ഉൾപ്പെടുന്നുവെന്നും മത്സ്യബന്ധന തുറമുഖ വകുപ്പ് അറിയിച്ചിരുന്നു.

അതോടൊപ്പം IDDP റിപ്പോർട്ടിൽ പരാമർശിക്കുന്നത് ഒരു നിർദ്ദേശം മാത്രമാണെന്നും വിശദമായ പഠനങ്ങൾക്കുശേഷം ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ മാത്രമേ പദ്ധതികൾ നടപ്പാക്കുകയുള്ളൂവെന്നും ടി പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കുകയില്ലെന്നും കൂടാതെ 'നീർകാക്കകളുടെ വംശ നിയന്ത്രണം' എന്ന പദ്ധതി നിർദ്ദേശത്തിനെതിരെ വ്യാപകമായ

എതിർപ്പ് ഉയർന്ന സാഹചര്യത്തിൽ ജില്ലാ ആസൂത്രണ സമിതിയോഗം ചേർന്ന് പ്രസ്തുത പദ്ധതി നിർദ്ദേശം നീക്കം ചെയ്തു. പകരം 'നീർകാക്കകളെ സംബന്ധിച്ച പഠനം' എന്ന നിർദ്ദേശമാക്കി പുതുക്കി അംഗീകരിച്ചിട്ടുണ്ടെന്നും മറുപടിയിൽ പരാമർശിച്ചിരുന്നു.

മേൽപ്പറഞ്ഞ സർക്കാർ മറുപടികൾ സമിതി നിർദ്ദേശപ്രകാരം ശ്രീ. വി. എസ്. സുനിൽ കുമാർ എം.എൽ.എ.യെ അറിയിച്ചുവെങ്കിലും പ്രതികരണം ഉണ്ടായില്ല. സമിതിയുടെ നിരന്തര ഇടപെടലിലൂടെ മേൽപ്പറഞ്ഞ വിഷയത്തിന് ഏറെക്കുറേ പരിഹാരമുണ്ടായതായി സമിതി വിലയിരുത്തുന്നു.

15. പിണറായി പഞ്ചായത്തിലെ സുനിൽ ടെക്സ്റ്റയിൽസിന്റെ ഡൈ ഹൗസിൽ നിന്നുള്ള മലിനീകരണം സംബന്ധിച്ച് ശ്രീ. രഞ്ജിത് ബാബു സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 549/പരിസ്ഥിതി2/2010/നി.സെ.)

പിണറായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സുനിൽ ടെക്സ്റ്റയിൽസിന്റെ ഡൈ ഹൗസിന്റെ 5 കി.മീറ്റർ ചുറ്റളവിൽ താമസിക്കുന്ന ജനങ്ങൾക്ക് പലതരത്തിലുള്ള രോഗങ്ങൾ പിടിപെടുന്നതായും കുടിവെള്ളവും കൃഷിഭൂമിയും മാലിന്യം പടർന്ന് നശിക്കുന്നുവെന്നും ആയതിനാൽ ഡൈ ഫാക്ടറിയിൽ നിന്നുള്ള കെമിക്കലുകളുടെ വ്യാപനം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് നിവേദനത്തിലെ ആവശ്യം.

നിവേദനത്തിന്മേൽ റിപ്പോർട്ടാവശ്യപ്പെട്ട് പരിസ്ഥിതി, തദ്ദേശസ്വയംഭരണം, കൃഷി, വ്യവസായം എന്നീ വകുപ്പുകൾക്ക് അയച്ചിരുന്നു. നിവേദനത്തിന്മേൽ പരിസ്ഥിതി, തദ്ദേശസ്വയംഭരണം, വ്യവസായം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടിൽ "ടി യൂണിറ്റിൽ നിന്നും പുറന്തള്ളുന്ന സംസ്കരിച്ച ജലത്തിന്റെ സാമ്പിളെടുത്ത് പരിശോധിച്ചപ്പോൾ അതിലടങ്ങിയിരിക്കുന്ന ഘടകങ്ങളുടെ തോത് മലിനീകരണനിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിരിക്കുന്ന പരിധിക്കുള്ളിലല്ല എന്ന് ബോധ്യപ്പെട്ടതിനാൽ പാഴ്ജല സംസ്കരണശാല വേണ്ടവിധത്തിൽ പ്രവർത്തിപ്പിച്ച് അപാകതകൾ പരിഹരിക്കണമെന്ന് 15-10-2010-ൽ കത്ത് മുഖേന യൂണിറ്റിന് നിർദ്ദേശം നൽകി. ബോർഡിന്റെ നിർദ്ദേശങ്ങളെല്ലാം പാലിച്ചതായി 21-10-2012-ൽ യൂണിറ്റുടമ ബോർഡിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ യൂണിറ്റും പരിസരവും ബോർഡ് ഉദ്യോഗസ്ഥർ വീണ്ടും പരിശോധിക്കുകയും കളക്ഷൻ ടാങ്ക്, മിക്സിംഗ് ചാനൽ, പ്രൈമറി സെറ്റിലിംഗ് ടാങ്ക്, സ്ലഡ്ജ് ബെഡ്, ബയോടവർ, ഫിൽട്ടർ ഫീഡ് സംപ്, പ്രെഷർ സാന്റ് ഫിൽട്ടർ, ആക്ടിവേറ്റഡ് കാർബൺ ഫിൽട്ടർ എന്നീ യൂണിറ്റുകളുള്ള പാഴ്ജല സംസ്കരണശാല നല്ലരീതിയിൽ പ്രവർത്തിക്കുന്നതായി ബോധ്യപ്പെടുകയും ചെയ്തു. ടി യൂണിറ്റിൽ നിന്ന് സംസ്കരിച്ച ജലത്തിന്റെ സാമ്പിളെടുത്ത് വീണ്ടും പരിശോധിച്ചതിൽ

അതിലടങ്ങിയിരിക്കുന്ന ഘടകങ്ങളുടെ തോത് ബോർഡ് നിഷ്കർഷിച്ചിരിക്കുന്ന പരിധിക്കുള്ളിലാണെന്ന് ബോധ്യപ്പെട്ടു. ഇങ്ങനെ ശുദ്ധീകരിച്ച പാഴ്ജലം ജലസേചനത്തിന് ഉപയോഗിക്കുന്നതിൽ തെറ്റില്ല. ടി യൂണിറ്റിന്റെ സമീപത്തുള്ള കിണറുകളിൽ നിന്ന് ജലത്തിന്റെ സാമ്പിളെടുത്ത് പരിശോധിച്ചപ്പോൾ pH ഒഴികെയുള്ള മറ്റെല്ലാഘടകങ്ങളും അനുവദനീയമായ പരിധിക്കുള്ളിലായി കാണപ്പെട്ടു. pH-ൽ അനുവദനീയമായ പരിധിയിൽ നിന്നും, നേരിയകുറവ് കാണുകയുണ്ടായി. ഈ പ്രദേശത്ത് പൊതുവെ കിണർവെള്ളത്തിന്റെ pH ഈ രീതിയിലാണ് കാണപ്പെടുന്നതെന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുള്ളത്" എന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

നിവേദനത്തിന്മേൽ കൃഷി വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിൽ താഴെപ്പറയും പ്രകാരം അറിയിച്ചിരുന്നു:

സുനിൽ ടെക്സ്റ്റൈൽസ് കൈത്തറി നൂൽ ബ്ലീച്ച് ചെയ്യുകയും ചായം മുക്കുകയും കൈത്തറി തുണി ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനമാണ്. 30-6-2012 വരെ പ്രവർത്തന അനുമതി ലഭിച്ചിട്ടുണ്ട്. അനുമതി പുതുക്കാനുള്ള നടപടികൾ യഥാസമയം എടുത്തിട്ടുണ്ട്. വിവിധ പ്രവർത്തനങ്ങൾ നടത്തുമ്പോഴുണ്ടാകുന്ന മലിനജലം സംസ്കരിക്കുന്നതിന് മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. അത് പ്രവർത്തനക്ഷമമാണ്. സ്ഥാപനത്തിനോടനുബന്ധിച്ച് ഉടമയുടെ ഏതാണ്ട് 3 ഏക്കറോളം വരുന്ന കരഭൂമിയുണ്ട്. ഇതിൽ തെങ്ങ്, കവുങ്ങ്, വാഴ എന്നിവയും അടുത്ത കാലത്തായി റബ്ബറും കൃഷി ചെയ്തിരുന്നു. ഈ വിളകൾക്ക് ജലസേചനം നടത്തുന്നതിന് സംസ്കരിച്ച മലിനജലമാണ് ഉപയോഗിക്കുന്നത്. തെങ്ങും, വാഴയും, കവുങ്ങും നല്ല ഉൽപ്പാദനക്ഷമത കാണിക്കുന്നുണ്ട്. പ്ലാന്റിൽ നിന്നും അൽപ്പംപോലും മലിനജലം പുറത്തേക്ക് ഒഴുകുന്നില്ല, പുറകിലുള്ള താഴ്ന്നപ്രദേശത്തു മരച്ചീനി, വാഴ, തെങ്ങ് തുടങ്ങിയ കൃഷികൾ ഉണ്ട്. അവയും നല്ല ഉൽപ്പാദനക്ഷമത ഉള്ളതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്. ഇടയിലുള്ള ചാലുകളിൽ ശുദ്ധജലം ഒഴുകുന്നതായും ജലജീവികളും സസ്യങ്ങളും ഉള്ളതായും കണ്ടെത്തിയിട്ടുണ്ട്. ജലസേചനത്തിന് ഉപയോഗിക്കുന്ന സംസ്കരിച്ച മലിനജല സാമ്പിൾ പരിശോധിച്ചപ്പോൾ അതിന്റെ ഗുണനിലവാരം നിർദ്ദിഷ്ട പരിധിക്കകത്താണെന്ന് കണ്ടിട്ടുണ്ട് എന്ന് മലിനീകരണനിയന്ത്രണ ബോർഡിൽ നിന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനം പ്രവർത്തിപ്പിക്കുന്നതുകൊണ്ട് സമീപവാസികൾക്കോ കർഷകർക്കോ യാതൊരുവിധ മലിനീകരണ പ്രശ്നങ്ങളും ഉണ്ടാകുന്നതായി കാണാൻ കഴിഞ്ഞിട്ടില്ല.

പ്രസ്തുത റിപ്പോർട്ടുകൾ 23-8-2012, 7-8-2013, 12-2-2014 എന്നീ സമിതി യോഗങ്ങളിൽ പരിഗണിക്കുകയും റിപ്പോർട്ട് വിവരം പരാതിക്കാരനെ അറിയിക്കുകയും ചെയ്തു.

സമിതിയുടെ ശക്തമായ ഇടപെടൽമൂലം പരാതിക്ക് പരിഹാരം കാണാൻ കഴിഞ്ഞതിൽ സമിതിക്ക് അതിയായ സന്തോഷമുണ്ട്.

16. കണ്ണൂർ ജില്ലയിലെ അയ്യംകുന്ന് ഗ്രാമപഞ്ചായത്തിലെ ക്വാറികൾക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീമതി ഡെയ്സി മാണി, ചെയർപേഴ്സൺ, അയ്യംകുന്ന് ഗ്രാമപഞ്ചായത്ത് പരിസ്ഥിതി സംരക്ഷണ സമിതി, കണ്ണൂർ, സമർപ്പിച്ച നിവേദനം സംബന്ധിച്ച്.

(ഫയൽ നമ്പർ 5336/പരി2/12/നി.സെ.)

കണ്ണൂർ ജില്ലയിലെ അയ്യംകുന്ന് പഞ്ചായത്തിലെ പുല്ലൻപാറത്തട്ട്, പാറയ്ക്കാമല, വാണിയപ്പാറ, രണ്ടാംകടവ് എന്നീ പ്രദേശങ്ങളിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ പഠനം നടത്തി അതീവ ദുർബല മേഖലയായതിനാൽ ഈ പ്രദേശത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും ഖനനങ്ങളും നടത്തരുതെന്നും നിർദ്ദേശിച്ചിരുന്നുവെങ്കിലും മൂന്ന് കിലോമീറ്റർ ചുറ്റളവിലുള്ള ഈ മേഖലയിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ നിന്ന് 21 കരിങ്കൽ ക്വാറികളാണ് അനധികൃത ലൈസൻസ് നേടിയിരിക്കുന്നതെന്നും പഴശ്ശി ഡാം നിറഞ്ഞുകവിഞ്ഞതും ഇരിട്ടി ടൗൺ അടക്കം വെള്ളത്തിലായതും ഈ മേഖലയിൽ ഉണ്ടായ ധാരാളം ഉരുൾപ്പൊട്ടലുകൾമൂലമാണെന്നും പ്രസ്തുത ക്വാറികളുടെ പ്രവർത്തനംമൂലം പ്രദേശത്തെ 100 കണക്കിന് വീടുകൾ, ആരാധനാലയങ്ങൾ, സ്കൂളുകൾ എന്നിവ വൻ തകർച്ചാ ഭീഷണി നേരിടുകയാണെന്നും ഈ മേഖലയിൽ ഉണ്ടായ ഉരുൾപ്പൊട്ടലിനെ തുടർന്ന് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ഒരു മാസക്കാലം അടച്ചുപൂട്ടിയ പ്രസ്തുത ക്വാറികൾ, എല്ലാ നിയമവ്യവസ്ഥയെയും ലംഘിച്ചുകൊണ്ട് വീണ്ടും പ്രവർത്തനം ആരംഭിച്ചിരിക്കുകയാണെന്നും ആയതിനാൽ പ്രസ്തുത ക്വാറികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നതാണ് നിവേദനത്തിലെ ആവശ്യം.

നിവേദനത്തിന്മേൽ പരിസ്ഥിതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലും അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ഉൾക്കൊണ്ടും സ്വകാര്യമേഖലയിലെ മൈനർ മിനറലുകളുടെ ഖനനത്തിനായുള്ള അപേക്ഷകളിൽ ടി അപേക്ഷകൾ നിലവിലുള്ള വ്യവസ്ഥകളും സുപ്രീം കോടതി വിധിയിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളും പാലിച്ചിട്ടുണ്ടെങ്കിലും ഒരു വർഷത്തിൽ കവിയാത്ത ഹ്രസ്വകാല പെർമിറ്റുകൾ നിലവിലുള്ള ക്വാറികൾക്ക് നൽകാവുന്നതാണെന്ന് ഉത്തരവായിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

റവന്യൂ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അയ്യൻകുന്ന് വില്ലേജിലെ കരിങ്കൽ ക്വാറികളിൽ സംയുക്തമായി പരിശോധന നടത്തിയതും അനധികൃത ഖനനം നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തിയതുമാണ് എന്നും 16-7-2007-ൽ

ഉണ്ടായ ഉരുൾപൊട്ടൽ ക്വാറി പ്രവർത്തനം നടക്കുന്ന ഭാഗത്തല്ല എന്നും നിലവിൽ അനധികൃത ധാതു ഖനനമൊന്നും പ്രസ്തുത സ്ഥലത്ത് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടില്ല എന്നും അറിയിച്ചിരിക്കുന്നു.

വ്യവസായ വകുപ്പ് നിവേദനത്തിന്മേൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത സ്ഥലങ്ങളിൽ നിലവിൽ 1967-ലെ മെറ്റൽ ആന്റ് മിനറൽസ് കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള അനധികൃത ഖനനമൊന്നും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടില്ലെന്നും അനധികൃത ഖനനങ്ങൾ തടയുന്നതിന് 26-8-2013-ലെ എൽ 3-2013/35470/13 നമ്പർ ആയി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിക്കൊണ്ട് കണ്ണൂർ ജില്ലാ കളക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

പരിസ്ഥിതി, വ്യവസായം, റവന്യൂ എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതിയോഗം പരിഗണിക്കുകയും റിപ്പോർട്ട് വിവരം പരാതിക്കാരനെ അറിയിക്കുകയും ചെയ്തു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 18.

## അനുബന്ധം I

# സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2013-ൽ നടപടി അവസാനിപ്പിച്ച ഫയലുകൾ

## റവന്യൂ വകുപ്പ്

| | |
|---|---|
| 1 | പന്തളം കുളനട പഞ്ചായത്തുകളിൽ അച്ചൻകോവിൽ ആറ്റിൽ നിന്നും അനധികൃതമായി മണൽ വാരുന്നത് സംബന്ധിച്ച് ശ്രീമതി കെ. കെ. ജാനകിയമ്മ സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 7563/പരി1/97/നി.സെ.) |
| 2 | മണൽവാരൽമൂലം ഇടിയുന്ന മീനിച്ചലാറിന്റെ മുത്തോലി കടവിന് സമീപം തീരസംരക്ഷണഭിത്തി നിർമ്മിക്കണമെന്നാവശ്യപ്പെട്ട് കോട്ടയം സെന്റ് ജോൺസ് മൊണാസ്റ്റി അംഗങ്ങൾ സമർപ്പിച്ച പരാതി.<br>(ഫയൽ നമ്പർ 5494/പരി1/08/നി.സെ.) |
| 3 | തൃശ്ശൂർ, എറണാകുളം ജില്ലകളിലെ പൊയ്യ, പുത്തൻവേലിക്കര വില്ലേജുകളിലെ അനധികൃത കുന്നിടിക്കലും നെൽവയൽ നികത്തലും തടയണമെന്നാവശ്യപ്പെട്ട് ശ്രീ. ആന്റണി പുത്തിരിക്കൽ സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 3911/പരി1/09/നി.സെ.) |
| 4 | പണ്ടാരക്കരി പാടശേഖരം ഏറ്റെടുക്കുന്നതിനെതിരെ പണ്ടാരക്കരി പാടശേഖര സംരക്ഷണ സമിതി സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 1275/പരി1/10/നി.സെ.) |
| 5 | കൊണ്ടാഴി പഞ്ചായത്തിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പ്രസാദചന്ദ്രൻ, പാലക്കാട് സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 71/പരി1/13/നി.സെ.) |
| 6 | ഉത്സവങ്ങളോടനുബന്ധിച്ച് ആരാധനാലയങ്ങളിലെ വെടിക്കെട്ടുമൂലമുള്ള ശബ്ദമലിനീകരണം, ക്വാറികളുടെ പ്രവർത്തനംമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് ശ്രീ. വെങ്കിടാചലം സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 12764/പരി2/04/നി.സെ.) |
| 7 | പത്തനംതിട്ട ജില്ലയിലെ പരിസ്ഥിതി മലിനീകരണം സംബന്ധിച്ച് പമ്പാ പരിരക്ഷണ സമിതിയും റാന്നി മേഖലാ സമിതിയും സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 12290/പരി2/05/നി.സെ.) |
| 8 | മെറ്റൽ ക്രഷറും കരിങ്കൽ ക്വാറിയും പ്രവർത്തിക്കുന്നതുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. സി. കെ. സ്റ്റീഫൻ സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 3249/പരി2/07/നി.സെ.) |

| | |
|---|---|
| 9 | ഇടുക്കി ജില്ലയിലെ പീരുമേട് പഞ്ചായത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന മെറ്റൽ ക്രഷർമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. കെ. എൻ. ഷാജി സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 1491/പരി2/08/നി.സെ.) |
| 10 | എറണാകുളം ജില്ലയിലെ കിഴക്കമ്പലം പഞ്ചായത്തിൽ പാടശേഖരങ്ങൾ തരിശ്ശിട്ടിരിക്കുന്നത് നികത്തുന്നതുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. കെ. വി. ആന്റണി സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 2281/പരി2/08/നി.സെ.) |
| 11 | അനധികൃതമായി മണ്ണെടുക്കുന്നതുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീമതി കദീജ, പാലക്കാട് സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 2938/പരി2/09/നി.സെ.) |
| 12 | അമ്പലവയലിലെ അനധികൃത കരിങ്കൽ ക്വാറികളും മണൽ ഖനനവും സംബന്ധിച്ച് ശ്രീ. കെ. വിജയൻ സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 6044/പരി2/09/നി.സെ.) |
| 13 | വയനാട് ജില്ലയിൽ പനമരം പുഴയുടെ സമീപമുള്ള നെൽപാടങ്ങൾ സംരക്ഷിക്കുന്നതിനും അനധികൃത ഖനനം തടയുന്നതും സംബന്ധിച്ച് ശ്രീ. മാത്യു, പി. സി. സമർപ്പിച്ച നിവേദനം. (ഫയൽ നമ്പർ 2831/പരി2/10/നി.സെ.) |
| 14 | വയനാട് കപ്പമുടി എസ്റ്റേറ്റിനോട് ചേർന്നുള്ള റവന്യൂ വനഭൂമിയുടെ കാട് വെട്ടിനശിപ്പിച്ച് കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നതുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് വയനാട് പ്രകൃതി സംരക്ഷണ സമിതി, സുൽത്താൻ ബത്തേരി സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 11941/പരി3/2003/നി.സെ.) |
| 15 | ഇടവയിലെ അനധികൃത മണൽ ഖനനവും ഭൂമികയ്യേറ്റവും സംബന്ധിച്ച് ശ്രീ. കെ. എം. അജീർകുട്ടി, ഇടവ സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 984/പരി3/07/നി.സെ.) |
| 16 | കോഴിക്കോട് തലക്കുളത്തൂർ, പാവയിൽ ശ്രീകൃഷ്ണ സഹായം എൽ.പി. സ്കൂൾ വഴിയിൽ മഴക്കാലത്തുണ്ടാകുന്ന വെള്ളക്കെട്ടിനെ സംബന്ധിച്ച് PTA വൈസ് പ്രസിഡന്റ് സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 790/പരി3/08/നി.സെ.) |
| 17 | പെരിയാറിലെ വലത്തോട്ടി ഉപയോഗിച്ചുള്ള മണൽവാരൽ നിരോധിക്കണമെന്നാവശ്യപ്പെട്ട് ഇല്ലിത്തോട് മുളംകുഴി ഗ്രാമസംരക്ഷണ സമിതി സെക്രട്ടറി ശ്രീ. ഫ്രാൻസിസ് ഞാളിയൻ സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 2288/പരി3/08/നി.സെ.) |

| | |
|---|---|
| 18 | മീനച്ചിലാറിന്റെ കൈത്തോടായ പന്നഗം തോട് സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് കൺസ്യൂമേഴ്സ് ഫെഡറേഷൻ ഓഫ് ഇൻഡ്യാ കോട്ടയം താലൂക്ക് കമ്മിറ്റി പ്രസിഡന്റ് ശ്രീ. അനിൽകുമാർ കുരോപ്പട സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 5524/പരി3/08/നി.സെ.) |
| 19 | തൃശ്ശൂർ ജില്ലയിലെ എരയാംകുടി പാടശേഖരം ഇഷ്ടിക കളങ്ങളായി മാറ്റപ്പെടുന്നതിനെക്കുറിച്ച് ശ്രീ. എം. വി. ശ്രേയാംസ് കുമാർ എം.എൽ.എ. സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 452/പരി3/08/നി.സെ.) |

**തദ്ദേശസ്വയംഭരണ വകുപ്പ്**

| | |
|---|---|
| 1 | പന്തളം, കുളനട പഞ്ചായത്തുകളിൽ അച്ചൻകോവിൽ ആറ്റിൽ നിന്നും അനധികൃതമായി മണൽ വാരുന്നത് സംബന്ധിച്ച് ശ്രീമതി കെ. കെ. ജാനകിയമ്മ സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 7563/പരി1/97/നി.സെ.) |
| 2 | അച്ചൻകോവിലാറിന്റെ മലിനീകരണം സംബന്ധിച്ച് ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്, മുൻ എം.എൽ.എ. സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 6865/പരി1/2000/നി.സെ.) |
| 3 | ആലപ്പുഴ ദാസ് മസ്ജിദിന്റെ പടിഞ്ഞാറുകൂടി ഒഴുകുന്ന തോട്ടിൽ മാലിന്യങ്ങൾ നിറഞ്ഞിരിക്കുന്നുവെന്ന് പരാതിപ്പെട്ട് ശ്രീ. എം. എ. റഹിം സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 11947/പരി1/05/നി.സെ.) |
| 4 | മാലിന്യങ്ങൾമൂലം മാരകരോഗങ്ങൾ പടർന്നുപിടിക്കുന്നുവെന്ന് പരാതിപ്പെട്ട് ശ്രീ. ബേബി പൂത്തിരി സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 14598/പരി1/05/നി.സെ.) |
| 5 | കൊച്ചി കോർപ്പറേഷനിലെ വ്യാപകമായ മരംമുറിക്കൽ തടയണമെന്നാവശ്യപ്പെട്ട് അഡ്വ. ബിജി മാത്യു (PUCL) സമർപ്പിച്ച പരാതി സംബന്ധിച്ച്.<br>(ഫയൽ നമ്പർ 2301/പരി1/08/നി.സെ.) |
| 6 | കൈവശ ഭൂമിയിൽ തൃപ്പൂണിത്തറ മുനിസിപ്പാലിറ്റി മാലിന്യനിക്ഷേപം നടത്തുന്നതിനെതിരെ പത്മകുമാർ, ചന്ദ്രികാദേവി എന്നിവർ സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 4703/പരി1/08/നി.സെ.) |
| 7 | ഇരുമ്പാണി നിർമ്മാണ യൂണിറ്റിന്റെ ശബ്ദമലിനീകരണത്തിനെതിരെ ശ്രീ. എ. വി. എബ്രഹാം സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 5502/പരി1/08/നി.സെ.) |

| | |
|---|---|
| 8 | കൊല്ലം ജില്ലയിലെ ചിന്നക്കടയിലെ ഓടയിലൂടെ മലിനജലം ഒഴുകുന്നതിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സദാശിവൻ പിള്ള, കൊല്ലം സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 1064/പരി1/10/നി.സെ.) |
| 9 | കൊണ്ടാഴി പഞ്ചായത്തിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പ്രസാദചന്ദ്രൻ, പാലക്കാട് സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 71/പരി1/13/നി.സെ.) |
| 10 | മെറ്റൽ ക്രഷർമൂലമുള്ള ശബ്ദ വായു മലിനീകരണം സംബന്ധിച്ച് ശ്രീ. കെ. എം. കുര്യൻ സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 6560/പരി2/96/നി.സെ.) |
| 11 | ചേർത്തല ബസ് സ്റ്റാന്റിലെ വർക്ക് ഷോപ്പിൽ നിന്നും ഒഴുക്കി വിടുന്ന മാലിന്യങ്ങൾമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് പരിസരവാസികൾ സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 14727/പരി2/99/നി.സെ.) |
| 12 | ചങ്ങനാശ്ശേരി ഐ.സി.ഒ. ജംഗ്ഷനിലെ പൊതുഓടയിൽ ഖരമാലിന്യങ്ങളും മലിനജലവും തങ്ങി കിടക്കുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. എസ്. ജെ. നവാസ് സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 12956/പരി2/03/നി.സെ.) |
| 13 | പത്തനംതിട്ട ജില്ലയിലെ പരിസ്ഥിതി മലിനീകരണം സംബന്ധിച്ച് പമ്പാ പരിരക്ഷണ സമിതിയും റാന്നി മേഖലാ സമിതിയും സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 12290/പരി2/05/നി.സെ.) |
| 14 | മലപ്പുറം ജില്ലയിലെ വിവിധ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. മുഹമ്മദ്, വി. പി. സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 3976/പരി2/07/നി.സെ.) |
| 15 | ഇടുക്കി ജില്ലയിലെ പീരുമേട് പഞ്ചായത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന മെറ്റൽ ക്രഷർമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. കെ. എൻ. ഷാജി സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 1491/പരി2/08/നി.സെ.) |
| 16 | മലമ്പുഴ കാലിത്തീറ്റ ഫാക്ടറിയിൽ നിന്നുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ഡോ. പി. എസ്. പണിക്കർ സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 2920/പരി2/09/നി.സെ.) |

| | |
|---|---|
| 17 | അനധികൃതമായി മണ്ണെടുക്കുന്നതുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീമതി കദീജ, പാലക്കാട് സമർപ്പിച്ച നിവേദനം<br>(ഫയൽ നമ്പർ 2938/പരി2/09/നി.സെ.) |
| 18 | കശുവണ്ടി ഫാക്ടറിമൂലമുണ്ടാകാനിടയുള്ള ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ചവറ തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് നിവാസികൾ സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 5306/പരി2/09/നി.സെ.) |
| 19 | അമ്പലവയലിലെ അനധികൃത കരിങ്കൽ ക്വാറികളും മണൽ ഖനനവും സംബന്ധിച്ച് ശ്രീ. കെ. വിജയൻ സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 6044/പരി2/09/നി.സെ.) |
| 20 | കോഴിക്കോട് സരോവരം ബയോപാർക്കിൽ കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കാനുള്ള നീക്കത്തിനെതിരായി മഞ്ചേരി ശ്രീ. പി. എസ്. സുന്ദർരാജ് സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 627/പരി2/12/നി.സെ.) |
| 21 | തിരുവനന്തപുരം നഗരത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ ഡ്രെയിനേജ് പമ്പിംഗ് സ്റ്റേഷനിൽ നിന്നുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് സംബന്ധിച്ച് മൈത്രീനഗർ റസിഡന്റ്സ് അസോസിയേഷൻ, പൂജപ്പുര സമർപ്പിച്ച നിവേദനം.<br>(ഫയൽ നമ്പർ 9790/പരി3/2002/നി.സെ.) |
